# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 69 | Issue No. 10 | October 2026 | Rs. 15/-





# കരുണാർദ്ര സ്നേഹത്തിന്റെ
# 100 വർഷങ്ങൾ
## എസ്.ഡി.സന്യാസസഭ



# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 69 Issue No. 10 October 2026 Rs. 15/-






| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | ആഗോള പ്രേഷിത ഞായർ - സന്ദേശം |
| 12. | ഒക്ടോബർ മിഷൻ മാസാചരണം |
| 15. | സർക്കുലർ: 5/2026 - ജപമാല മാസം |
| 18. | കച്ചേരിക്കാര്യം - Transfers/Appointments |
| 20. | നിര്യാതരായി |
| 23. | വാർത്തകളും വിശേഷങ്ങളും |
| 25. | വിശ്വാസപരിശീലന കേന്ദ്രം |
| 28. | സുബോധന, അങ്കമാലി |
| 29. | ഫാമിലി അപ്പോസ്തലേറ്റ് |
| 32. | ബൈബിൾ അപ്പോസ്തലേറ്റ് |
| 34. | ചിറ്റൂർ ധ്യാനകേന്ദ്രം |
| 35. | നൈപുണ്യ ഇന്റർനാഷണൽ |
| 38. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 41. | AICO (Archdiocesan Institutions' Central Office) |
| 42. | അതിരൂപതാ ഡയറി |



**Editor: Fr. Antony Vazhakkala**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Antony Vazhakkala for and on behalf of ARCHBISHOP OF ERNAKULAM and printed at Viani Printings, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Menachery Joseph, Karumaloor | 1899 | 1928 | 3-10-1988 |
| Fr. Mangaly Paul, Manjapra | 1892 | 1923 | 4-10-1977 |
| Fr. Payapilly Varghese, Konthuruthy | 1876 | 1907 | 5-10-1929 |
| Fr. Payyappilly Thomas, Thuravoor | 1917 | 1948 | 5-10-1975 |
| Fr. Nalkara Joseph, Akaparambu | 1891 | 1915 | 7-10-1948 |
| Fr. Meleth Thomas, Chunangamvely | 1941 | 1967 | 8-10-1987 |
| Fr. Bharanikulangara Joseph, Thuravoor North | 1932 | 1959 | 8-10-2012 |
| Fr. Manikanamparambil Yohannan, Udayamperoor | 1837 | 1865 | 09-10-1898 |
| Fr. Manikanamparambil Joseph, Udayamperoor | 1869 | 1897 | 10-10-1948 |
| Fr. Parampy Joseph, Mampra | 1908 | 1937 | 10-10-1949 |
| Fr. Muttumana Joseph, Vaikom | 1923 | 1950 | 11-10-2010 |
| Fr. Eravely Mathias TOCD, Amballoor | 1854 | | 13-10-1933 |
| Fr. Veluthedath Thomas, Kudavechoor | 1904 | 1933 | 13-10-1971 |
| Fr. Panachickal George, Malayattoor | 1933 | 1960 | 17-10-2009 |
| Fr. Chaniparambil Cyriac, Ezhupunna | 1929 | 1958 | 17-10-2010 |
| Fr. Pulianthuruthil Joseph, Aluva | 1894 | 1921 | 18-10-1958 |
| Fr. Malamel Samuel, Edappally | 1941 | 1967 | 18-10-2012 |
| Fr. Kandathil Stephen, Malayattoor | 1941 | 1968 | 20-10-2023 |
| Fr. Painadeth Valiya Paulose, Karukutty | 1862 | 1893 | 21-10-1937 |
| Msgr. Thaliath Joseph, Puthenpally | 1915 | 1942 | 21-10-1996 |
| Fr. Koilparambil Mathew, Pallippuram | 1938 | 1966 | 21-10-2014 |
| Fr. Puthenpura George, Mevelloor | 1946 | 1971 | 22-10-2024 |
| Fr. Kattarath Varkey, Thottakom | | | 24-10-1931 |
| Fr. Kattakkakathoot Varghese, Moozhikkulam | 1941 | 1967 | 25-10-2025 |
| Fr. Pottayil Issac, Vaikom | 1902 | 1933 | 26-10-1985 |
| Fr. Vazhathara Joseph, Pallipuram | 1882 | 1912 | 28-10-1964 |
| Fr. Vadapuram Job, Chalil | 1900 | 1933 | 28-10-1974 |
| Fr. Chakiath Joseph, Thundathumkadavu | 1926 | 1952 | 29-10-1995 |
| Fr. Thattezhath Joseph, Kothavara | 1913 | 1941 | 29-10-2003 |

Ref: 4324/K-5/KCBC/OL/DS 16.09.2026

## പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ 2026 ഒക്ടോബർ 18-ാം തീയതി നടക്കുന്ന നൂറാമത് ആഗോള പ്രേഷിത ഞായറാഴ്ചയോടനുബന്ധിച്ചു നൽകുന്ന സന്ദേശം

**"ക്രിസ്തുവിൽ ഒന്നായി തീർന്നുകൊണ്ട്, പ്രേഷിത ദൗത്യത്തിൽ ഒരുമിച്ചുചേർന്ന്"**

പ്രിയ സഹോദരീസഹോദരന്മാരേ,

പരിശുദ്ധ പിതാവ് പീയൂസ് പതിനൊന്നാമൻ സ്ഥാപിക്കുകയും സഭയ്ക്ക് ഏറ്റവും പ്രിയങ്കരമായതുമായ ആഗോള പ്രേഷിത ഞായറാചരണത്തിന്റെ നൂറാം വർഷം ആഘോഷിക്കുന്ന ഈ ആണ്ടിൽ ചിന്താവിഷയമായി "ക്രിസ്തുവിൽ ഒന്നായി തീർന്നുകൊണ്ട്, പ്രേഷിത ദൗത്യത്തിൽ ഒരുമിച്ചുചേർന്ന്" എന്നത് ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു. ജൂബിലി വർഷത്തിനുശേഷം സഭ മുഴുവനും തന്റെ പ്രേഷിത യാത്ര പരിശുദ്ധാത്മാവിലുള്ള സന്തോഷത്തിലും തീക്ഷ്ണതയിലും തുടരുന്നതു ഞാൻ പ്രോത്സാഹി പ്പിക്കുന്നു. ക്രിസ്തുവിൽ ഒന്നായിത്തീർന്ന ഹൃദയങ്ങളും അനുരഞ്ജിതമായ സമൂഹങ്ങളും വ്യക്തികളും ഉദാരതയോടും പരസ്പര വിശ്വാസത്തോടും സഹകരിക്കാൻ സന്മനസ്സുള്ളവരാകേണ്ടതുണ്ട്.

"ക്രിസ്തുവിൽ ഒന്നായി തീർന്നുകൊണ്ട്, പ്രേഷിത ദൗത്യത്തിൽ ഒരുമിച്ചുചേർന്ന്" ദൈവകൃപയാൽ നാം നയിക്കപ്പെടാനും പ്രചോദിപ്പിക്കപ്പെടാനും നമ്മെത്തന്നെ വിട്ടുകൊടുക്കാം. അങ്ങനെ നമ്മുടെ പ്രേഷിത വിളിയുടെ അഗ്നിയാൽ നാം തന്നെയും നവീകരിക്കപ്പെടുകയും സഭയുടെ ചരിത്രത്തിലെ "ഈ പുതിയ പ്രേഷിത യുഗത്തിൽ" സുവിശേഷവൽക്കരണത്തിന്റെ പ്രതിജ്ഞാബദ്ധതയിൽ പുരോഗമിക്കാൻ ഇടവരുത്തപ്പെടുകയും ചെയ്യുമാറാകട്ടെ (*ആഗോള പ്രേഷിതരുടെയും കുടിയേറ്റക്കാരുടെയും ജൂബിലിയുടെ അവസരത്തിൽ നടത്തിയ സുവിശേഷ പ്രഭാഷണം*; 5 ഒക്ടോബർ 2025).

### 1. ക്രിസ്തുവിൽ ഒന്നായി - പ്രേഷിത ശിഷ്യർ എന്ന നിലയിൽ അവിടത്തോടും നമ്മുടെ സഹോദരീസഹോദരന്മാരോടും ചേർന്നിരുന്നുകൊണ്ട്

ക്രിസ്തുവുമായുള്ള ഐക്യത്തിന്റെ രഹസ്യമാണ് പ്രേഷിത ദൗത്യത്തിന്റെ കാതൽ. തന്റെ പീഡാനുഭവത്തിനുമുമ്പ് യേശു ഇപ്രകാരം പ്രാർഥിച്ചു: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നപോലെ, അവരും നമ്മിൽ ആയിരിക്കുന്നതിനും ..." (യോഹ 17:21). ഈ വാക്കുകൾ വെളിപ്പെടുത്തുന്നത് യേശുവിന്റെ അത്യഗാധമായ ആഗ്രഹവും തന്റെ ശിഷ്യരുടെ സമൂഹം എന്ന നിലയിലുള്ള സഭയുടെ സ്വത്വവും ആണ്. അത് പരിശുദ്ധ ത്രിത്വത്തിൽനിന്ന് ഉദ്ഭവിക്കുന്ന കൂട്ടായ്മ ആണ്; ത്രിത്വം തന്നെയാണ് അതിനെ നിലനിർത്തുന്നതും. ഈ കൂട്ടായ്മ പ്രകാശിതമാകുന്നത് എല്ലാം മനുഷ്യരുടെയും ഇടയിലുള്ള സാഹോദര്യത്തിന്റെ ശുശ്രൂഷയിലും സകല സൃഷ്ടികളുമായുള്ള മൈത്രിയിലുമാണ്.

ഒരു ക്രിസ്ത്യാനി ആയിരിക്കുക എന്നാൽ ചില അനുഷ്ഠാനങ്ങളിലോ ആശയങ്ങൾ സ്വീകരിക്കുന്നതിലോ അല്ല അടങ്ങിയിരിക്കുന്നത്; അത് ക്രിസ്തുവുമായി ഐക്യപ്പെട്ടുകൊണ്ടുള്ള ഒരു ജീവിതമാണ്. അതിൽ പുത്രന് പിതാവുമായുള്ള പുത്രസഹജമായ ബന്ധത്തിൽ നാം പരിശുദ്ധാത്മാവുവഴി ഭാഗഭാക്കുകൾ ആയിത്തീരുന്നു. അതിന്റെ അർഥം, മുന്തിരി ചെടിയുടെ ശാഖകൾ തായ്ത്തണ്ടിനോടു ചേർന്നിരി ക്കുന്നതുപോലെ, ക്രിസ്തുവിൽ വസിക്കുക എന്നതാണ് (യോഹ 15:4 കാണുക); അതായത്, ത്രിത്വത്തിന്റെ ജീവനിൽ ആഴ്ന്നിറങ്ങിയിരിക്കുക എന്നത്. ഈ ഐക്യം വിശ്വാസികളുടെ ഇടയിൽ പരസ്പരമുള്ള ഐക്യം ഉളവാക്കുന്നു; എല്ലാത്തരം പ്രേഷിത ഫലദായകത്വത്തിന്റെയും ഉറവിടവും അതുതന്നെ. വിശുദ്ധ ജോൺപോൾ രണ്ടാമൻ പഠിപ്പിച്ചതുപോലെ, “കൂട്ടായ്മ പ്രേഷിതത്വത്തിന്റെ ഉറവിടവും ഫലവും പ്രതിനിധീകരിക്കുന്നു” (*അൽമായ വിശ്വാസികൾ* [*Christfidelis Laici*], 32).

ഈ പശ്ചാത്തലത്തിൽ തന്റെ അംഗങ്ങളുടെ ഇടയിൽ ആത്മീയവും സാഹോദര്യപരവുമായ ഐക്യം നവീകരിക്കുകയും നിലനിർത്തുകയും ചെയ്യുക എന്നതാണ് സഭയുടെ പ്രഥമ പ്രേഷിതദൗത്യം. പല സാഹചര്യങ്ങളിലും നാം നേരിടുന്നത് സംഘർഷങ്ങളും ധ്രുവീകരണവും തെറ്റിദ്ധാരണകളും പരസ്പരമുള്ള വിശ്വാസമില്ലായ്മയുമാണ്. ഇക്കാര്യം നമ്മുടെ സമൂഹങ്ങളിൽ സംഭവിക്കുമ്പോൾ, ഇത് നമ്മുടെ സാക്ഷ്യത്തിന് കുറവ് വരുത്തുന്നു. ക്രിസ്തു തന്റെ ശിഷ്യരെ ഭരമേൽപ്പിച്ച സുവിശേഷവൽക്കരണദൗത്യം എല്ലാറ്റിനുമുപരിയായി രമ്യതപ്പെട്ട് ഐക്യത്തിനായി കാംക്ഷിക്കുന്ന ഹൃദയങ്ങൾ ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു. അക്കാരണത്താലും നാം ഒരുമിച്ച് നിഖ്യാ സൂനഹദോസിന്റെ 1700-ാം ആണ്ട് ആഘോഷിച്ച പശ്ചാത്തലത്തിലും എല്ലാ സഭകളും ചേർന്നുള്ള സഭൈക്യശ്രമങ്ങൾ ഊർജിതപ്പെടുത്തേണ്ടതുണ്ട്.

അവസാനമായി, എന്നാൽ പ്രാധാന്യത്തിന് ഒട്ടും കുറവില്ലാത്തവിധം, “ക്രിസ്തുവിൽ ഒന്നായിരിക്കുക” എന്നത് നമ്മുടെ ദൃഷ്ടികൾ കർത്താവിൽ ഉറപ്പിച്ചു നിർത്താനായി ആഹ്വാനം ചെയ്യുന്നു; അങ്ങനെ അവിടന്ന് യഥാർഥത്തിൽ നമ്മുടെ വ്യക്തിജീവിതങ്ങളുടെയും സമൂഹങ്ങളുടെയും, നമ്മുടെ ഓരോ വാക്കിന്റെയും പ്രവൃത്തിയുടെയും വ്യക്തിബന്ധങ്ങളുടെയും കേന്ദ്രബിന്ദു ആയി തീരേണ്ടതുണ്ട്. അതുവഴിയായി നമുക്ക് വിസ്മയപൂർവം പറയാൻ കഴിയണം, “ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്” എന്ന് (ഗലാ 2:20). അവിടത്തെ വചനം നിരന്തരം ശ്രവിച്ചുകൊണ്ടും കൂദാശകളിൽ നിന്നുള്ള കൃപാവരം സ്വീകരിച്ചുകൊണ്ടും സഭയിൽ സജീവശിലകൾ ആയിത്തീരാൻ നമുക്ക് സാധിക്കും. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും അതിനെ തുടർന്നുവന്ന പാപ്പാമാരുടെ പ്രബോധനത്തിന്റെയും, പ്രത്യേകിച്ച് ഫ്രാൻസിസ് പാപ്പായുടെ ചിന്തകളുടെയും, അടിസ്ഥാനത്തിലുള്ള മുഖ്യ പ്രമേയങ്ങൾ സ്വീകരിക്കാൻ സഭ ഇന്ന് വിളിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ പൗലോസ് അപ്പോസ്തലൻ പറയുന്നതുപോലെ, “ഞങ്ങൾ പ്രഘോഷിക്കുന്നത് ഞങ്ങളെയല്ല; പ്രസ്തുത യേശു

ക്രിസ്തുവിനെ കർത്താവായാണ്” (2 കോറി 4:5). അതിനാൽ വിശുദ്ധ പോൾ ആറാമന്റെ വാക്കുകൾ ഞാൻ ആവർത്തിക്കുന്നു: “ദൈവപുത്രനായ നസ്രത്തിലെ യേശുവിന്റെ നാമവും പഠനവും ജീവിതവും വാഗ്ദാനങ്ങളും രാജ്യവും രഹസ്യവും പ്രഘോഷിക്കുന്നി ല്ലെങ്കിൽ അത് യഥാർഥ സുവിശേഷ വൽക്കരണം ആവുകയില്ല” (*സുവിശേഷപ്രഘോഷണം* [*Evangelii Nuntiandi*] എന്ന അപ്പസ്തോലിക ആഹ്വാനം, 22). സുവിശേഷവൽക്കരണപ്രക്രിയ യഥാർ ഥത്തിൽ ഓരോ ക്രിസ്ത്യാനിയുടെയും ഹൃദയത്തിൽ ആരംഭിച്ചുകൊണ്ടാണ് എല്ലാ മനുഷ്യരിലേക്കും എത്തിച്ചേരേണ്ടത്. ആകയാൽ, ക്രിസ്തുവിൽ നമ്മൾ എത്രമാത്രം ഐക്യപ്പെട്ടിരിക്കുന്നുവോ അത്രമാത്രം നന്നായി നമുക്ക് ഒരുമിച്ച് അവിടന്ന് നമ്മെ ഭരമേല്പിച്ചിരിക്കുന്ന പ്രേഷിത ദൗത്യം നിർവഹിക്കാൻ ആകും.

**2. പ്രേഷിത ദൗത്യത്തിൽ ഒന്നിച്ച് - ലോകം കർത്താവായ ക്രിസ്തുവിൽ വിശ്വസിക്കുന്നതിനായി**

ശിഷ്യരുടെ ഐക്യം അതിൽത്തന്നെ ഒരു ലക്ഷ്യമല്ല; പ്രേഷിത ദൗത്യമാണ് അത് ലക്ഷ്യം വയ്ക്കുന്നത്. യേശു അത് വ്യക്തമായി പറയുന്നു: “അവിടന്ന് എന്നെ അയച്ചു എന്ന് ലോകം വിശ്വസിക്കുന്നതിനു വേണ്ടിയാണത്” (യോഹ 17:21). അനുരഞ്ജനവും സാഹോദര്യവും ഐക്യവും പുലരുന്ന ഒരു സമൂഹത്തിന്റെ സാക്ഷ്യം വഴിയാണ് സുവിശേഷത്തിന്റെ പ്രഘോഷണം അതിന്റെ പൂർണമായ സംവേദനശക്തി പ്രാപിക്കുന്നത്.

ഈ കാഴ്ചപ്പാടിൽ വാഴ്ത്തപ്പെട്ട പൗളോ മന്നയുടെ ആപ്തവാക്യം സ്മരിക്കുന്നത് പ്രസക്തമാണ്: “ലോകം മുഴുവന്റെയും മാനസാന്തരത്തിനായി സഭ മുഴുവനും.” 1916-ൽ “പൊന്തിഫിക്കൽ മിഷണറി യൂണിയൻ” സ്ഥാപിത മാകുന്നതിനു പ്രേരണയായി തീർന്ന ആദർശം സംക്ഷിപ്തമായി ഈ ആപ്ത വാക്യം അവതരിപ്പിക്കുന്നു. അതിന്റെ 110-ാം വാർഷികത്തിൽ വൈദികരുടെയും സമർപ്പിതരുടെയും അല്മായരുടെയും ഇടയിൽ പ്രേഷിത ചൈതന്യം ഉത്തേജിപ്പിക്കുന്നതിനും രൂപപ്പെടുത്തുന്നതിനും എല്ലാ സുവിശേഷവൽക്കരണ ഉദ്യമങ്ങളും ഒരുമിച്ചു കൊണ്ടുവരുന്നതിന് നടത്തിയ ശ്രമങ്ങളുടെയും പിന്നിലുള്ള പ്രതിജ്ഞാബദ്ധതയെ ഓർത്തുകൊണ്ട് ഞാൻ അവരുടെ അംഗങ്ങൾക്കു നന്ദി അർപ്പിക്കുകയും ആശീർവാദം നൽകുകയും ചെയ്യുന്നു. വാസ്തവത്തിൽ, ജ്ഞാനസ്നാനം സ്വീകരിച്ച ഒരാൾക്കും പ്രേഷിതദൗത്യത്തിൽ നിന്ന് ഒഴിവാകാനോ അതിനോടു നിസംഗത പുലർത്താനോ അവകാശമില്ല: ഓരോരുത്തരും അവരവരുടെ വിളിയും ജീവിത സാഹചര്യവും അനുസരിച്ച് ക്രിസ്തു തന്റെ സഭയെ ഭരമേൽപ്പിച്ച ഈ മഹത്തായ ദൗത്യത്തിൽ പങ്കുചേരുന്നു. ഫ്രാൻസിസ് പാപ്പ ആവർത്തിച്ച് അനുസ്മരിപ്പിച്ചിരുന്നതുപോലെ സുവിശേഷപ്രഘോഷണം എപ്പോഴും സ്വരച്ചേർച്ചയുള്ളതും സാമൂഹിക മാനം ഉള്ളതും സിനഡാത്മകവുമായ പ്രവൃത്തിയാണ്.

ഇക്കാരണത്താൽ, പ്രേഷിതപ്രവർത്തനത്തിലുള്ള ഐക്യം എന്നു പറയുന്നത് കൂട്ടായ്മയുടെയും പ്രേഷിത സഹകരണത്തിന്റെയും ആധ്യാത്മികത

സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ്. ഈ മനോഭാവം അനുദിനം വളർത്തുന്നതുവഴി നമ്മുടെ സഹോദരീസഹോദരന്മാരെ വിശ്വാസത്തിന്റെ കണ്ണുകളിലൂടെ കാണാൻ ദൈവിക കൃപാവരം സാവധാനം നമ്മെ പഠിപ്പിക്കുന്നു. ഓരോ വ്യക്തിയിലും ആത്മാവ് ഉണർത്തുന്ന നന്മ സന്തോഷപൂർവ്വം തിരിച്ചറിയാനും നാം പഠിക്കുന്നു; അതായത്, വൈവിധ്യം ഒരു നിധിയായി കരുതാനും, പരസ്പരം ഭാരങ്ങൾ ചുമക്കാനും ഉന്നതത്തിൽ നിന്നുവരുന്ന ഐക്യം എപ്പോഴും അന്വേഷിക്കാനും സാധിക്കുന്നത്. യഥാർഥത്തിൽ നാം എല്ലാവരും ഒരൊറ്റ പ്രേഷിത ദൗത്യത്തിലാണ് പങ്കുചേരുന്നത്; അതായത്, "ഒരു കർത്താവ്, ഒരു വിശ്വാസം, ഒരു ജ്ഞാനസ്നാനം. സകലത്തിനുമുപരിയായവനും സകലത്തിലൂടെയും സകലത്തിലുമായവനും സകലരുടെയും പിതാവും ദൈവവുമായ ഒരുവൻ"(എഫേ 4:5-6) എന്നതിൽ. പ്രേഷിത ശിഷ്യത്വത്തിന്റെ ദൈനംദിനം ഉള്ള ആധ്യാത്മികതയാണ് ഇത് പ്രകാശിതമാക്കുന്നത്. സഭയുടെ സുവിശേഷവൽക്കരണ ദൗത്യത്തെ സംബന്ധിച്ച ഒരു സാർവത്രിക കാഴ്ചപ്പാട് തിരിച്ചുപിടിക്കാനും സംഘാതമായ ശ്രമങ്ങളുടെ കുറവ് നികത്താനും ഇത് സഹായിക്കുന്നു; "ഞാൻ പൗലോസിന്റേതാണ്, ഞാൻ അപ്പോളോയുടേതാണ്" (1 കോറി 1:10-12 കാണുക) എന്ന തരത്തിൽ ഏക കർത്താവിനെ പിൻചൊല്ലുന്നവരുടെ ഇടയിൽ സൃഷ്ടിക്കപ്പെടുന്ന വിഭാഗീയതകളെ അതിജീവിക്കാനും ഇത് സഹായകമാകുന്നു.

പ്രേഷിത പ്രവർത്തനത്തിലെ ഐക്യം (unity) എന്നു പറയുന്നത് ഐകരൂപ്യം (uniformity) ആയി മനസ്സിലാക്കപ്പെടരുത് എന്ന് പറയേണ്ടതില്ലല്ലോ; മറിച്ച്, അത് ഒരേ ഉദ്ദേശ്യത്തോടുകൂടിയ വ്യത്യസ്തങ്ങളായ സിദ്ധികളുടെ (charisms) സംഗമമാണ്; അതായത്, ക്രിസ്തുവിന്റെ സ്നേഹം പ്രകടമാക്കുകയും അവിടത്തെ കണ്ടുമുട്ടാൻ എല്ലാവരെയും ക്ഷണിക്കുകയും ചെയ്യുന്ന പ്രവൃത്തി. പ്രാദേശിക സമൂഹങ്ങൾ പരസ്പരം സഹകരിക്കുമ്പോൾ സുവിശേഷവൽക്കരണം സാധ്യമാകുന്നു; അതുപോലെതന്നെ ഒരേ വിശ്വാസത്തിൽ സാംസ്കാരികവും ആത്മീയവും ആരാധനക്രമപരവും ആയ വ്യത്യസ്തതകൾ പൂർണമായും പൊരുത്തപ്പെട്ട് പ്രകാശിക്കപ്പെടുമ്പോൾ. ആകയാൽ, സഭയിലെ എല്ലാ സ്ഥാപനങ്ങളിലും സഭാത്മക പ്രേഷിത കൂട്ടായ്മയുടെ ചൈതന്യം ശക്തിപ്പെടുത്താനും പ്രേഷിത ദൗത്യത്തിനുവേണ്ടിയും ദൗത്യത്തിൽതന്നെയും പരസ്പരം സഹകരിക്കുന്നതിനുള്ള സർഗാത്മകവും മൂർത്തവുമായ മാർഗങ്ങൾ വികസിപ്പിച്ചെടുക്കാനും ഞാൻ ആഹ്വാനം ചെയ്യുന്നു.

ഇത് സംബന്ധിച്ച്, പ്രേഷിത സഹകരണത്തിനായി പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ ചെയ്തുവരുന്ന സേവനങ്ങൾക്ക് ഞാൻ അവർക്കു നന്ദി പ്രകാശിപ്പിക്കുന്നു; ഞാൻ പെറുവിൽ ആയിരുന്ന കാലത്ത് അവരുടെ സേവനം അനുഭവിച്ചത് കൃതജ്ഞതപൂർവ്വം അനുസ്മരിക്കുന്നു. പ്രൊപ്പഗേഷൻ ഓഫ് ഫെയ്ത്ത്, ഹോളി ചൈൽഡ്ഹുഡ്, സെന്റ് പീറ്റർ ദ അപ്പോസ്റ്റൽ ആൻഡ് പൊന്തിഫിക്കൽ മിഷനറി യൂണിയൻ എന്നീ സൊസൈറ്റികൾ എല്ലാ പ്രായത്തിലുമുള്ള വിശ്വാസികളുടെ ഇടയിൽ പ്രേഷിതബോധം ജനിപ്പിക്കാനും

രൂപപ്പെടുത്താനും ലോകം മുഴുവനുമുള്ള സമൂഹങ്ങളെ പ്രാർഥനയുടെയും ഉപവിയുടേയും ശൃംഖലവഴി ബന്ധിപ്പിക്കാനുള്ള ശ്രമവും തുടർന്നുകൊണ്ടേയിരിക്കുന്നു. പ്രൊപ്പഗേഷൻ ഓഫ് ഫെയ്ത്ത് സൊസൈറ്റിയുടെ സ്ഥാപികയായ വാഴ്ത്തപ്പെട്ട പൗളിൻ മരീ ജാരിക്കോട്ട് 200 വർഷങ്ങൾക്കു മുമ്പ് "സജീവ ജപമാല" (Living Rosary) സ്ഥാപിച്ചു എന്നത് ഇവിടെ എടുത്തുപറയേണ്ടതാണ്. ലോകം മുഴുവനുമുള്ള ഒട്ടനവധി വിശ്വാസികളെ ഓരോരോ ആത്മീയവും പ്രേഷിതപരവുമായ ആവശ്യങ്ങൾക്കുവേണ്ടി പ്രാർഥിക്കാൻ ഇന്നും അത് ഒരുമിച്ചു കൂട്ടുന്നു. *വിശ്വാസപ്രചാരണ സംഘത്തിന്റെ* (Society for the Propagation of the Faith) താത്പര്യപ്രകാരം പീയൂസ് പതിനൊന്നാമൻ പാപ്പാ 1926-ൽ "ആഗോള പ്രേഷിത ദിനം" (World Mission Day) സ്ഥാപിക്കുകയുണ്ടായി എന്നതും സ്മരണീയമാണ്. ഈ ദിനം സമാഹരിക്കുന്ന വാർഷിക സംഭാവനകൾ സഭയുടെ പ്രേഷിത ദൗത്യത്തിന്റെ വിവിധങ്ങളായ ആവശ്യങ്ങളെ പിന്തുണയ്ക്കുന്നതിനായി പാപ്പായുടെ നാമത്തിൽ വിതരണം ചെയ്യപ്പെടുന്നു. ഈ നാല് സൊസൈറ്റികളും ഒരുമിച്ച്, പൊതുവായും, ഓരോരുത്തരുടെയും പ്രത്യേക സവിശേഷത അനുസരിച്ചും, ഇന്നും സഭ മുഴുവനിലുമായി വിലപ്പെട്ട പ്രവൃത്തി നിർവഹിക്കുന്നു. ഐക്യത്തിന്റെയും സഭാത്മക പ്രേഷിത കൂട്ടായ്മയുടെയും സജീവ അടയാളങ്ങളാണവ. കൃതജ്ഞതാചൈതന്യത്തോടെ അവരോടൊപ്പം പ്രവർത്തിക്കാൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു.

### 3. സ്നേഹിക്കാനുള്ള പ്രേഷിതദൗത്യം: ദൈവത്തിന്റെ വിശ്വസ്തസ്നേഹം പ്രഘോഷിക്കുക, ജീവിക്കുക, പങ്കുവയ്ക്കുക

ഐക്യമാണ് പ്രേഷിതദൗത്യത്തിന്റെ വ്യവസ്ഥയെങ്കിൽ സ്നേഹമാണ് അതിന്റെ കാതൽ. ലോകത്തോടു പ്രഘോഷിക്കാനായി നമ്മെ അയച്ചിരിക്കുന്ന സദ്വാർത്ത രൂപഭാവം ഇല്ലാത്ത ഒരു ആദർശമല്ല; അത് ദൈവത്തിന്റെ വിശ്വസ്തസ്നേഹത്തിന്റെ സുവിശേഷമാണ്; അത് യേശുക്രിസ്തുവിന്റെ മുഖത്തും ജീവിതത്തിലും മാംസം ധരിച്ചു.

ശിഷ്യരുടെയും സഭ മുഴുവന്റെയും പ്രേഷിതദൗത്യം പരിശുദ്ധാത്മാവിലുള്ള ക്രിസ്തുവിന്റെ ദൗത്യം തുടരുക എന്നതാണ്. ഈ ദൗത്യം സ്നേഹത്തിൽ ജനിക്കുന്നതും സ്നേഹത്തിൽ ജീവിക്കുന്നതും സ്നേഹത്തിലേക്കു നയിക്കുന്നതുമാണ്. യഥാർഥത്തിൽ കർത്താവ് തന്നെയും തന്റെ പീഡാനുഭവത്തിനു മുമ്പുള്ള പിതാവിനോടു നടത്തിയ ശ്രേഷ്ഠ പ്രാർഥനയിൽ, തന്റെ ശിഷ്യരുടെ ഇടയിൽ ഐക്യം ഉണ്ടാകണമെന്ന് ആഹ്വാനം ചെയ്തശേഷം, ഇപ്രകാരം ഉപസംഹരിച്ചു: "അങ്ങ് എനിക്ക് നൽകിയ സ്നേഹം അവരിൽ ഉണ്ടാകേണ്ടതിനും ഞാൻ അവരിൽ ആയിരിക്കേണ്ടതിനുമാണിത്" (യോഹ 17:26). ക്രിസ്തുവിന്റെ സ്നേഹത്താൽ പ്രേരിതരായി (2 കോറി 5:14 കാണുക), ക്രിസ്തുവിനുവേണ്ടി സുവിശേഷം പ്രസംഗിക്കാൻ അപ്പോസ്തലന്മാർ ഇറങ്ങിത്തിരിച്ചു. ഇതേ രീതിയിൽ നൂറ്റാണ്ടുകളായി ക്രിസ്ത്യാനികളുടെ വലിയൊരു സംഘം ആളുകൾ - രക്തസാക്ഷികൾ, ആത്മീയാചാര്യർ, പ്രേഷിതർ - ഈ ദിവ്യസ്നേഹം ലോകത്തെ അറിയിക്കാനായി തങ്ങളുടെ ജീവിതങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

അങ്ങനെ സ്നേഹത്തിന്റെ അരൂപിയായ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് സഭയുടെ സുവിശേഷവൽക്കരണ ദൗത്യം സമയത്തിന്റെ അന്ത്യം വരെ തുടർന്നുകൊണ്ടിരിക്കും.

അതിനാൽ, ഇന്നത്തെ *ജനതകളുടെ* (*ad gentes*) ഇടയിൽ പ്രവർത്തിക്കുന്ന പ്രേഷിതരോടു നന്ദി പ്രകാശിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെപ്പോലെ അവർ തങ്ങളുടെ സ്വദേശവും കുടുംബങ്ങളും എല്ലാത്തരം സുരക്ഷിതത്വവും ഉപേക്ഷിക്കുകയുണ്ടായി. അത് സുവിശേഷം പ്രഘോഷി ക്കാനും പലപ്പോഴും വെല്ലുവിളി നേരിടുന്ന ഇടങ്ങളിലും ദരിദ്രരുടെ ഇടയിലും സംഘർഷഭരിതവും സാംസ്കാരികമായി വ്യത്യസ്തമായതുമായ സാഹചര്യങ്ങളിലും ക്രിസ്തുവിനെയും അവിടത്തെ സ്നേഹവും കൊണ്ടു വരാനും വേണ്ടിയാണ്. പ്രതികൂല സാഹചര്യങ്ങളും മാനുഷിക പരിമിതികളും ഉണ്ടെങ്കിൽപ്പോലും അവർ സ്വയം തങ്ങളെത്തന്നെ നൽകുന്നത് തുടരുന്നു; എന്തെന്നാൽ, ക്രിസ്തുവിനെയും അവിടത്തെ സുവിശേഷത്തെയും നൽകുക എന്നതാണ് അവർക്ക് നൽകാവുന്ന ഏറ്റവും വലിയ നിധി എന്ന് അവർ മനസ്സിലാ ക്കുന്നു. അവരുടെ സ്ഥിരോൽസാഹംവഴി, ദൈവത്തിന്റെ സ്നേഹം എല്ലാ തടസ്സ ങ്ങളെയും അതിജീവിക്കുന്നുവെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു. ക്രിസ്തുവിന്റെ ഈ ധീരരായ സാക്ഷികളെ ലോകത്തിന് ഇനിയും ആവശ്യമുണ്ട്; സഭാ സമൂഹ ങ്ങൾക്ക് ഇനിയും പുതിയ പ്രേഷിത ദൈവവിളികളും ആവശ്യമുണ്ട്. നമ്മൾ അവരെ നമ്മുടെ ഹൃദയത്തോടു ചേർത്തുവയ്ക്കുകയും നിരന്തരം അവർക്കു വേണ്ടി പിതാവിനോടു പ്രാർഥിക്കുകയും വേണം. ക്രിസ്തുവിനെ അനുഗമിച്ചു എല്ലാം ഉപേക്ഷിച്ച് സുവിശേഷവൽക്കരണത്തിന്റെ പാതയിൽ ഭൂമിയുടെ അതിർ ത്തികളോളം പോകാൻ തയ്യാറാകുന്ന യുവജനങ്ങളുടെയും മുതിർന്നവരുടെയും ദാനം അവിടന്ന് നമുക്ക് നൽകുമാറാകട്ടെ!

സ്ത്രീകളും പുരുഷന്മാരുമായ പ്രേഷിതരോടുള്ള വലിയ ആദരത്തോടു കൂടെ, സുവിശേഷവൽക്കരണ ദൗത്യത്തിൽ ക്രിസ്തുവിലുള്ള നമ്മുടെ ജീവിത സാക്ഷ്യം, പ്രാർഥന, പ്രേഷിതപ്രവർത്തനത്തിനു വേണ്ടിയുള്ള സംഭാവനകൾ എന്നിവ വഴിയായി അവരോടു ചേരാൻ സഭ മുഴുവനോടും ഞാൻ പ്രത്യേക മായി ആഹ്വാനം ചെയ്യുന്നു. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് പറഞ്ഞതു പോലെ, “സ്നേഹം സ്നേഹിക്കപ്പെടുന്നില്ല;” അദ്ദേഹത്തിന്റെ സ്വർഗപ്രവേശന ത്തിന്റെ 800-ാം ആണ്ട് ആചരിക്കുന്ന ഈ വേളയിൽ നാം അദ്ദേഹത്തിലേക്കു പ്രത്യേകമായി നോക്കുന്നു. കർത്താവിനോടുള്ള സ്നേഹത്തിൽ ജീവിക്കാനും ആ സ്നേഹം സമീപത്തും വിദൂരത്തും ഉള്ളവരിലേക്കു പകരാനുമുള്ള അദ്ദേഹ ത്തിന്റെ ആഗ്രഹം നമുക്ക് പ്രചോദനമാകട്ടെ. എന്തെന്നാൽ അദ്ദേഹം പറഞ്ഞു, “ഈ സ്നേഹം കൊണ്ട് ഇത്രയേറെ നമ്മെ സ്നേഹിച്ച അവിടത്തെ അത്രയേറെ നാം സ്നേഹിക്കണം!” (ബാഞ്ഞോറെജ്ജിയോയിലെ വിശുദ്ധ ബോണവെഞ്ചർ, *വിശുദ്ധ ഫ്രാൻസിസിന്റെ ജീവചരിത്രം*, അദ്ധ്യായം IX, 1; *Fonti Francescane*, 1161). തന്റെ മരണശേഷവും തന്റെ പ്രേഷിത ദൗത്യം തുടരുമെന്നു പ്രഖ്യാപിച്ച വിശുദ്ധ കൊച്ചുത്രേസ്യയിൽനിന്നും നമുക്ക് പ്രചോദനം ഉൾക്കൊള്ളാം.

"ഇപ്പോൾ ഞാൻ ഭൂമിയിൽ ചെയ്യുന്നതുതന്നെ സ്വർഗത്തിൽ ആയിരിക്കുമ്പോഴും ചെയ്യാൻ ആഗ്രഹിക്കുന്നു: യേശുവിനെ സ്നേഹിക്കാനും, യേശു സ്നേഹിക്കപ്പെടാൻ പ്രവർത്തിക്കാനും" എന്ന് അവൾ പറഞ്ഞു (*അബേ ബലിയേറിനുള്ള കത്ത് 220*, ഫെബ്രുവരി 24, 1897).

ഈ സാക്ഷികളാൽ പ്രചോദിതരായി, നമുക്ക് ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന ദൈവവിളിയും ദാനങ്ങളും അനുസരിച്ച്, സുവിശേഷവൽക്കരണത്തിന്റെ മഹാദൗത്യത്തിന് നമ്മുടെ സംഭാവന നൽകാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. നിങ്ങളുടെ പ്രാർഥനയും പ്രായോഗിക പിന്തുണയും, പ്രത്യേകിച്ച് ആഗോള പ്രേഷിതദിനത്തിൽ, ദൈവത്തിന്റെ സ്നേഹത്തിന്റെ സുവിശേഷം എല്ലാവരിലേക്കും, ഏറെ പ്രത്യേകിച്ച് ദരിദ്രരിലേക്കും ആവശ്യങ്ങളിൽ ഇരിക്കുന്നവരിലേക്കും, എത്തിക്കുന്നതിൽ വലിയ സഹായമായിരിക്കും. ഓരോ ദാനവും, അതെത്ര ചെറുതായാലും, പ്രേഷിത കൂട്ടായ്മയുടെ അർഥവത്തായ പ്രവൃത്തി ആയിരിക്കും. "ലോകമെമ്പാടുമുള്ള പ്രേഷിതരെ ഞാൻ സഹായിക്കാനായി നിങ്ങളെന്നെ സഹായിക്കുന്നതിന്" (*Video Message for World Mission Day* 2025, 19 October 2025) ഞാൻ ഹൃദയപൂർവം വീണ്ടും നന്ദിപറയുന്നു. ആത്മീയമായ ഐക്യം വളർത്തുന്നതിന് ഈ ചെറിയ പ്രാർഥനയോടെ ഞാൻ നിങ്ങൾക്ക് എന്റെ ആശീർവാദം നൽകുന്നു:

പരിശുദ്ധനായ പിതാവേ, ക്രിസ്തുവിൽ ഞങ്ങളെ ഒന്നാക്കി തീർക്കണമേ. അവിടത്തെ സ്നേഹമാണല്ലോ ഞങ്ങളെ ഐക്യത്തിൽ നിലനിർത്തുന്നതും നവീകരിക്കുന്നതും. പരിശുദ്ധാത്മാവിനോടു വിധേയപ്പെട്ടുകൊണ്ട്, സഭാംഗങ്ങൾ എല്ലാവരും പ്രേഷിത ദൗത്യത്തിൽ ഒന്നായിത്തീരട്ടെ. അങ്ങനെ അവർ ധൈര്യപൂർവ്വം സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്നവരും എല്ലാ സൃഷ്ടികളോടുമുള്ള അങ്ങയുടെ വിശ്വസ്ത സ്നേഹം പ്രഘോഷിക്കുന്നവരും ദൈനംദിനം അത് പ്രകാശിപ്പിക്കുന്നവരും ആയിത്തീരട്ടെ.

പ്രേഷിതരായ എല്ലാ സ്ത്രീപുരുഷന്മാരെയും അനുഗ്രഹിക്കണമേ; അവരുടെ ഉദ്യമങ്ങളിൽ അവരെ പിന്തുണയ്ക്കണമേ; അവരെ പ്രത്യാശയിൽ കാത്തുസൂക്ഷിക്കണമേ.

പ്രേഷിത പ്രവർത്തനത്തിന്റെ രാജ്ഞിയായ മറിയമേ, ലോകത്തിന്റെ എല്ലാ കോണുകളിലുമായി ഞങ്ങൾ ചെയ്യുന്ന സുവിശേഷവൽക്കരണ പ്രവർത്തനത്തെ അനുഗമനം ചെയ്യേണമേ. ഞങ്ങളെ സമാധാനത്തിന്റെ ഉപകരണങ്ങൾ ആക്കണമേ; അങ്ങനെ ലോകം മുഴുവൻ ക്രിസ്തുവിൽ രക്ഷയുടെ വെളിച്ചം തിരിച്ചറിയാൻ ഇടവരട്ടെ. ആമേൻ.

2026 ജനുവരി 25-ാം തീയതി, ആണ്ടുവട്ടത്തിലെ മൂന്നാം ഞായറാഴ്ച, വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ മാനസാന്തരതിരുനാളിൽ, വത്തിക്കാനിൽനിന്നു നൽകപ്പെട്ടത്.

**ലിയോ പതിനാലാമൻ പാപ്പാ**

Prot. No. 0620/2026

**സർക്കുലർ**

# ഒക്ടോബർ മിഷൻ മാസാചരണം

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ആഗോള കത്തോലിക്കാസഭയിൽ മിഷൻ ഞായർ ആചരിക്കുന്നതിനു തുടക്കം കുറിച്ചതു പതിനൊന്നാം പീയൂസ് മാർപാപ്പയാണ്. സഭയുടെ പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള അവബോധം വിശ്വാസികളിൽ വളർത്തുകയും മിഷൻപ്രവർത്തനങ്ങൾക്കായി പ്രാർഥനയും സാമ്പത്തികസഹായവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ, 1926-ൽ ഒക്ടോബറിലെ അവസാന ഞായറാഴ്ചയ്ക്കുമുമ്പുള്ള ഞായറാഴ്ച മിഷൻ ഞായറായി ആചരിക്കാൻ മാർപാപ്പ നിർദേശിച്ചു. 1926ൽ പ്രസിദ്ധീകരിച്ച *Rerum Ecclesiae* എന്ന ചാക്രികലേഖനത്തിലൂടെ മിഷൻപ്രവർത്തനങ്ങളുടെ വളർച്ചയ്ക്കും സഭയുടെ വ്യാപന ത്തിനും അദ്ദേഹം പ്രത്യേക പ്രാധാന്യം നല്കി. അതുമുതൽ ആദ്യമായി ആചരിക്കപ്പെട്ട മിഷൻ ഞായർ, സഭയുടെ സർവലൗകിക പ്രേഷിതദൗത്യത്തിൽ എല്ലാ വിശ്വാസികളും പങ്കാളികളാണെന്ന് ഓർമിപ്പിക്കുന്ന വാർഷികാചരണമായി വളർന്നു.

സാർവത്രിക സഭയോടൊപ്പം ഒക്ടോബർ മാസത്തിൽ മിഷൻ ഞായർ ആചരിക്കുന്നതിനു പുറമേ, 2016 മുതൽ ജനുവരി മാസത്തിൽ ദനഹാത്തിരുനാൾ മുതൽ പന്ത്രണ്ടാം തീയതി വരെ മിഷൻ ആഭിമുഖ്യം വളർത്തിയെടുക്കുന്നതിനുവേണ്ടി നമ്മുടെ സഭയിൽ മിഷൻവാരമായി ആചരിച്ചുവരികയായിരുന്നു. വിവിധ കാരണങ്ങളാൽ ഈ ആചരണം ഉദ്ദേശിച്ച ഫലപ്രാപ്തി കൈവരിക്കാതിരുന്നതിനാൽ, 2024-ൽ പാലായിൽനടന്ന മേജർ ആർക്കിഎപ്പിസ് കോപ്പൽ അസംബ്ലിയുടെ നിർദേശപ്രകാരം, ജനുവരിയിലെ മിഷൻ വാരാചരണത്തിനു പകരം ഒക്ടോബർ മാസംമുഴുവനും മിഷൻ മാസമായി ആചരിക്കാൻ സീറോമലബാർസഭ യുടെ മെത്രാൻ സിനഡു തീരുമാനിച്ചിരിക്കുകയാണ്. അതനുസരിച്ച്, 2026 മുതൽ ഒക്ടോബർ മിഷൻ മാസമായി സീറോമലബാർ സഭയിൽ ഇതിനാൽ സ്ഥാപിക്കുകയാണ്. മിഷൻ മാസാചരണവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും ഏകോപിപ്പിക്കുന്നത് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫിസായിരിക്കും.

സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ ഓർമിപ്പിക്കുന്നു. സുവിശേഷപ്രഘോഷണം സഭയുടെ പ്രധാന ദൗത്യം മാത്രമല്ല, അവളുടെ സ്വത്വംതന്നെയാണ്; സഭ നിലനിൽക്കു

ന്നതുതന്നെ സുവിശേഷവത്കരണത്തിനുവേണ്ടിയാണ് (*Evangelii Nuntiandi,* 14, 16). അതിനാൽ, മാമ്മോദീസ സ്വീകരിച്ച ഓരോ വിശ്വാ സിയും സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കാളിയാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. സുവിശേഷ ത്തിനുവേണ്ടി ജീവിതം സമർപ്പിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുശ്രൂഷചെയ്യുന്ന മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അല്മായപ്രേഷിതർ എന്നിവരെയും അവരുടെ സേവനങ്ങളെയും നന്ദിയോടെ ഓർക്കുന്നു. മിഷൻ പ്രവർത്തനങ്ങൾക്ക് അനുകൂലമല്ലാത്ത സാഹചര്യങ്ങൾ വർധിച്ചുവരുന്ന ഈ കാലഘട്ടത്തിലും കർത്താവായ ഈശോമിശിഹാ നമ്മെ ഭരമേല്പിച്ച പ്രേഷിതദൗത്യത്തിൽ നാം കുറവുവരുത്തരുത്.

ആദ്യകാലങ്ങളിൽ മറ്റുസഭകളിൽനിന്നുള്ള മിഷനറിമാർ നമ്മെ വിശ്വാസ ത്തിൽ വളർത്തുന്ന തിനായി സഹായിച്ചതു നന്ദിയോടെ ഓർക്കുന്നു. സാവകാശം, നമ്മുടെ സഭയിൽ ധാരാളം വൈദിക സമർപ്പിത ദൈവവിളികൾ ഉണ്ടാവുകയും നമ്മുടെ വൈദികരും സമർപ്പിതരും ഭാരതത്തിലും ലോക ത്തിന്റെ വിവിധഭാഗങ്ങളിലും സുവിശേഷപ്രഘോഷണത്തിനും സാമൂഹ്യ സേവനങ്ങൾക്കുമായി മിഷൻചൈതന്യത്തോടെ പുറപ്പെടുകയുംചെയ്തു എന്നതു ദൈവത്തിനു നന്ദിപറയേണ്ട വസ്തുതയാണ്. അതുപോലെ, ഭാരത ത്തിലും ലോകത്തിന്റെ വിവിധഭാഗങ്ങളിലുമുള്ള മറ്റു സഭകളിലെ രൂപത കളിലും സമർപ്പിതസമൂഹങ്ങളിലും ചേർന്നു കർത്താവിന്റെ സുവിശേഷം പ്രഘോഷിക്കുന്ന സീറോമലബാർസഭയുടെ മക്കളായ മെത്രാന്മാരും വൈദികരും സമർപ്പിതരും നമ്മുടെ സഭയുടെ അഭിമാനമാണ്. അതുപോലെ, സുവിശേഷപ്രഘോഷണത്തിലേർപ്പെട്ടിരിക്കുന്ന അല്മായപ്രസ്ഥാനങ്ങളിലും സീറോമലബാർ സഭാഗങ്ങൾ സജീവസാന്നിധ്യമാണ് എന്നതും എടുത്തു പറയേണ്ടതാണ്. ഈ മിഷൻപ്രവർത്തനം നമ്മുടെ കടമയാണ്, ഔദാര്യമല്ല എന്നത് അനുസ്മരിക്കാം.

നമ്മൾ ആരംഭിക്കുന്ന മിഷൻ മാസാചരണം സുവിശേഷപ്രഘോഷണത്തി ന്റെയും പ്രേഷിത പ്രവർത്തനങ്ങളുടെയും വിവിധതലങ്ങളെ അറിയുന്നതിനും മനസിലാക്കുന്നതിനും പിന്തുണയ്ക്കുന്നതിനും രൂപതകളെയും ഇടവക ളെയും കുടുംബങ്ങളെയും വ്യക്തികളെയും പ്രചോദിപ്പിക്കുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. ഈ മാസത്തിലെ നാല് ആഴ്ചകളിൽ നാലു തലങ്ങളിലുള്ള മിഷൻപ്രവർത്തനങ്ങളെ അവതരിപ്പിക്കുന്നു.

ഒക്ടോബർ മാസത്തിലെ ആദ്യ ആഴ്ചയിൽ ആഗോളമിഷൻപ്രവർത്തനങ്ങളെ ക്കുറിച്ച് അറിയുന്നതിനും അവയെ പരിചയപ്പെടുത്തുന്നതിനും പരിശ്രമി ക്കുമ്പോൾ രണ്ടാമത്തെ ആഴ്ചയിൽ സീറോമലബാർസഭയുടെ മിഷൻപ്രവർ ത്തനങ്ങളെ പഠിക്കുന്നതിനും അവയിൽ പങ്കാളികളാകാനുള്ള മാർഗങ്ങൾ കണ്ടെത്തുന്നതിനും പ്രാധാന്യംനല്കണം. മൂന്നാമത്തെ ആഴ്ചയിൽ അതാതു രൂപതകൾ ഏറ്റെടുത്തിരിക്കുന്ന മിഷൻപ്രവർത്തനങ്ങളെ പരിചയ പ്പെടുകയും അവയിൽ സഹകരിക്കുകയും വേണം. നാലാമത്തെ ആഴ്ചയിൽ ഓരോ ഇടവകയുടെയും വിശ്വാസിയുടെയും പ്രേഷിതദൗത്യം തിരിച്ചറിയുന്നതിനും വിവിധ മിഷൻ പ്രവർത്തനങ്ങളെ ഇടവകാതലത്തിൽ ഏകോപിപ്പിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം.

അതോടൊപ്പം, മിഷൻ മാസംമുഴുവനും ഇടവകകളിലും കുടുംബ യൂണിറ്റുകളിലും കുടുംബ ങ്ങളിലും മിഷനുവേണ്ടി പ്രത്യേകം പ്രാർഥിക്കണം. ജപമാലയിലും വിശുദ്ധ കുർബാന യിലെ പ്രാർഥനകളിലും ലോകമെങ്ങും സേവനംചെയ്യുന്ന മിഷണറിമാരെയും വിശ്വാസ ത്തെപ്രതി പീഡനവും മരണവും ഏറ്റുവാങ്ങുന്നവരെയും പ്രത്യേകം അനുസ്മരിക്കണം. ഞായറാഴ്ചകളിലെ വചനപ്രഘോഷണം, വിശ്വാസപരിശീലന ക്ലാസുകൾ, മിഷൻ അനുഭവ ങ്ങളുടെ പങ്കുവയ്ക്കൽ, 'മിഷൻ ക്വസ്റ്റ്' ക്വിസ് മത്സരം, മിഷൻ സ്കിറ്റുകൾ, ഹ്രസ്വചിത്രങ്ങൾ എന്നിവ കുട്ടികളിലും യുവജനങ്ങളിലും മുതിർന്നവരിലും മിഷൻചൈതന്യം വളർത്താൻ ഉതകുന്നരീതിയിൽ ക്രമീകരിക്കണം. പ്രത്യേകിച്ചു നവസുവിശേഷവത്കരണ സംരം ഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അല്മായരെ രൂപതാതലത്തിൽ കണ്ടെത്തി ഏകോപിപ്പി ക്കുകയും മിഷൻപ്രവർത്തകരെ പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുന്നത് വളരെ മാതൃകാപരമാണ്.

നമ്മുടെ സഭയിൽ 'ജീവൻ ജ്യോതി' എന്ന പേരിൽ ഒരു ഔദ്യോഗിക അല്മായ പ്രേഷിത മുന്നേറ്റം ആരംഭിച്ചകാര്യം നേരത്തെ എഴുതിയിരുന്നല്ലോ. ജീവൻ ജ്യോതിയെ നമ്മുടെ എല്ലാ രൂപതകളിലും സാഹചര്യമനുസരിച്ചു ഇടവക കളിലും പ്രവർത്തനക്ഷമമാക്കണം. മിഷൻ മാസത്തിൽ സുവിശേഷ പ്രഘോഷണരംഗത്തു പ്രവർത്തിക്കുന്ന അല്മായപ്രേഷി തരെ ഒരുമിച്ചുകൂട്ടി ജീവൻ ജ്യോതിയുടെ പ്രവർത്തനങ്ങൾക്കു തുടക്കംകുറിക്കുന്നത് ഉചിത മായിരിക്കും. ജീവൻ ജ്യോതി ശക്തിപ്പെടുത്തുന്നതുവഴി സഭയിൽ പുതിയൊരു മിഷനറി ദിശാബോധം വളരാനും വളത്താനും ഇടയാക്കുമെന്നു പ്രത്യാശിക്കുന്നു.

മിഷൻ മാസാചരണത്തിന്റെ ഉത്തരവാദിത്വം ഏല്പിച്ചിരിക്കുന്ന സീറോ മലബാർ മിഷൻ ഓഫീസിൽനിന്ന് ഈ മാസാചരണത്തെക്കുറിച്ചുള്ള കൂടുതൽ പ്രായോഗിക കർമപദ്ധതികളും നിർദേശങ്ങളും ലഭിക്കുന്നതായിരിക്കും. അവയനുസരിച്ചു നമ്മുടെ മിഷൻ മാസാചരണം എല്ലാവരുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കി ഊർജസ്വലവും ഫലപ്രദ വുമാക്കിത്തീർക്കണമെന്ന് അഭ്യർഥിക്കുന്നു.

പ്രിയ മക്കളേ, സഭയുടെ ആത്മാവാണ് സുവിശേഷപ്രഘോഷണവും പ്രേഷിത പ്രവർത്തനങ്ങളും. ഈശോയുടെ സുവിശേഷം ലോകത്തിന്റെ അതിർ ത്തികളോളം എത്തിക്കേണ്ടത് നമ്മുടെ കടമയാണ്. ഇടവകകളും രൂപതകളും സെമിനാരികളും സമർപ്പിതസമൂഹങ്ങളും മാത്രമല്ല, മാമോദീസ സ്വീകരിച്ച ഓരോ വിശ്വാസിയും തങ്ങളുടെ മിഷനറി സ്വഭാവം തിരിച്ചറിയണം. ഭാരതത്തിലും ലോകത്തിന്റെ വിവിധഭാഗങ്ങളിലും നമ്മുടെ സഭ നിർവഹിക്കുന്ന മിഷൻപ്രവർത്തനങ്ങളെ കൂടുതൽ അറിയാനും അവയ്ക്കുവേണ്ടി പ്രാർഥിക്കാനും അവയിൽ പങ്കുചേരാനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ സമയവും കഴിവുകളും സമ്പത്തും ഉദാരമായി പങ്കുവയ്ക്കുമ്പോൾ സഭയുടെ സുവിശേഷദൗത്യം കൂടുതൽ ശക്തവും സജീവവുമാകും. അങ്ങനെ ഈശോമിശിഹായിൽനിന്നു നമുക്കു ലഭിച്ച സ്നേഹവും അനു ഗ്രഹങ്ങളും

മറ്റുള്ളവരുടെ ജീവിതത്തിൽ പ്രകാശമായി മാറുകയുംചെയ്യും. കർത്താവിന്റെ രക്ഷാകരസംഭവത്തിന്റെ 2033-ലെ മഹാജൂബിലിക്കായി ഒരുങ്ങുന്ന നമ്മുടെ സഭയിൽ മിഷൻ മാസാചരണം പുതിയൊരു പ്രേഷിത ഉണർവിനു വഴി തെളിക്കട്ടെ!

ആദ്യമിഷണറിയായ പരിശുദ്ധ അമ്മയും രക്തസാക്ഷികളും മിഷനറിമാരുമായ അപ്പസ്തോലന്മാരും സകല വിശുദ്ധരും ഈ മിഷനറിയാത്രയിൽ നമുക്കു മാർഗ്ഗദീപമകട്ടെ! പ്രാർഥനയോടെ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2026-ാം ആണ്ട് സെപ്റ്റംബർ മാസം 10-ാം തീയതി നല്കപ്പെട്ടത്.

**✠ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

...................................
2026 സെപ്റ്റംബർ 20-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക പള്ളികളിലുംസ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കുന്നതിനായി നൽകിയത്.

---

**സർക്കുലർ: 5/2026**

## ജപമാല മാസം

*(ജപമാലമാസാചരണത്തോടനുബന്ധിച്ച് എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് നൽകുന്ന സർക്കുലർ)*

ഈശോയിൽ പ്രിയ സഹോദരി സഹോദരന്മാരെ,

പുണ്യത്തിന്റെ പരിമളം ചൊരിയുന്ന ജപമാല മാസത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. 'പരിശുദ്ധ ജപമാല രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ' എന്ന പ്രാർത്ഥനയോടെ പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥ്യം തേടി ജപമാല കൈകളിലേന്തുന്ന ഒക്ടോബർ മാസം ഇടവകകളിലും ഭവനങ്ങളിലും ആത്മീയ ഉണർവിന്റെ അവസരമാണ്. ജപമാലമാസാചരണത്തെക്കുറിച്ച് ബനഡിക്ട് പതിനാറാമൻ മാർപാപ്പ ഇപ്രകാരം പറയുന്നു, 'ജപമാലയ്ക്ക് സമർപ്പിതമാണ് ഒക്ടോബർ മാസം. പരിശുദ്ധ കന്യകാമറിയത്തിന്റെ മാർഗനിർദേശത്തിൽ നമ്മുടെ കർത്താവിന്റെ തിരുമുഖത്ത് ദൃഷ്ടി ഊന്നിക്കൊണ്ട് നടത്തുന്ന ധ്യാനാത്മക പ്രാർത്ഥനയാണിത്. അതുവഴി സന്തോഷകരവും പ്രകാശപൂർണ്ണവും ദുഃഖകരവും മഹത്വപൂർണ്ണവുമായ മിശിഹാരഹസ്യങ്ങളോട് നാം അനുരൂപപ്പെടുന്നു.'

തിരുസഭയുടെ ആരംഭം മുതൽ പരിശുദ്ധ കന്യകാമറിയത്തോടുള്ള ഭക്തി നിലനിന്നിരുന്നു. മനുഷ്യാവതാരം എന്ന മഹാരഹസ്യത്തിന്റെ ആഴങ്ങൾ മനസ്സിലാക്കുവാൻ രക്ഷാകരചരിത്രത്തിൽ പരിശുദ്ധ കന്യകാമറിയം വഹിച്ച നിസ്തുലമായ പങ്ക് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തോടുള്ള ഭക്തി സഭയിൽ വ്യവസ്ഥാപിതമായതിൽ ജപമാലയ്ക്കുള്ള പങ്ക് വളരെ വലുതാണ്. 1214-ൽ വി. ഡൊമിനിക്കിന് പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ട് ജപമാല നൽകിയെന്നാണ് പരമ്പരാഗത വിശ്വാസം. തുർക്കികൾ യൂറോപ്പിനെ ആക്രമിച്ചപ്പോൾ പരിശുദ്ധ കന്യകാമറിയത്തോടുള്ള മാധ്യസ്ഥത്താൽ ശത്രുസൈന്യത്തെ പരാജയപ്പെടുത്തിയതിന്റെ ഓർമ്മയ്ക്കായിട്ടാണ് പരിശുദ്ധ ജപമാല രാജ്ഞിയുടെ തിരുനാൾ ഒക്ടോബർ മാസത്തിൽ ആചരിക്കുവാൻ തുടങ്ങിയത്. 'നരകപിശാചിന്റെ തല തകർക്കുന്ന ആയുധമാണ് ജപമാല പ്രാർത്ഥന.' നിരന്തരം ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന കുടുംബവും വ്യക്തികളും അസാധാരണമായ ദൈവീക സംരക്ഷണം അനുഭവിക്കുന്നവരാണ്.

ജപമാലപ്രാർത്ഥന ക്രിസ്തു കേന്ദ്രീകൃതവും വചന കേന്ദ്രീകൃതവുമാണ്. 'യഥാർത്ഥ മരിയഭക്തി' എന്ന ഗ്രന്ഥത്തിൽ വി. ലൂയി മോൺഫോർട്ട് ഇപ്രകാരം പറയുന്നു, 'മരിയഭക്തിയുടെ പാരമ്യം ക്രിസ്തുവാണ്. ക്രിസ്തുവിനെ പൂർണ്ണമായി അറിയുന്നതിനും ആർദ്രമായി സ്നേഹിക്കുന്നതിനും വിശ്വസ്തതയോടെ സേവിക്കുന്നതിനും മരിയഭക്തി നമ്മെ സഹായിക്കും.' ഈശോയെക്കുറിച്ചുള്ള വിചാരം ഉൾപ്പെടാത്ത ഒരു പ്രാർത്ഥനയും ജപമാലയിലില്ല. അതിനാലാണ് ജപമാല പ്രാർത്ഥന ആത്മീയ ഒരുക്കത്തോടെ ചൊല്ലുന്ന വ്യക്തി മറിയത്തിന്റെ മടിയിലിരുന്ന് ഈശോയുടെ തിരുമുഖം ദർശിക്കുന്ന അനുഭവത്തിലേക്ക് ഉയരുന്നത്. സുവിശേഷങ്ങളിൽ വിവരിക്കുന്ന മിശിഹാ സംഭവങ്ങളാണ് ജപമാല പ്രാർത്ഥനയുടെ ഉള്ളടക്കം. നമ്മുടെ കർത്താവിന്റെ രക്ഷാകര സംഭവങ്ങൾ പ്രാർത്ഥനയായി ജപമാലയിൽ രൂപപ്പെടുകയാണ്. ഭക്തിയോടെ ജപമാല ചൊല്ലുന്ന വ്യക്തിയുടെ ഹൃദയം തിരുവചനത്താൽ നിറയും. കുരിശിന്റെ വി. യോഹന്നാൻ പറയുന്നു: 'ക്രിസ്തുവിന്റെ ജീവിതത്തെ അനുകരിച്ചിട്ടില്ലാത്ത ഒരു ജീവിതം മറിയത്തിനില്ല.' ജപമാലപ്രാർത്ഥന ചൊല്ലുമ്പോൾ ഈശോയിലേക്കും തിരുവചനത്തിലേക്കുമാണ് നമ്മുടെ ഹൃദയം എത്തിച്ചേരുന്നത്.

കത്തോലിക്കാ കുടുംബങ്ങളുടെ ശക്തികേന്ദ്രം കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള കുടുംബപ്രാർത്ഥനയാണ്. നമ്മുടെ ഭവനങ്ങളിലെ സന്ധ്യാപ്രാർത്ഥനകൾ കൂടുതൽ സജീവമാക്കുവാനും കൃത്യമായി അനുഷ്ഠിക്കുവാനും ജപമാല മാസാചരണത്തിൽ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറയുന്നു, 'ദൈവാനുഗ്രഹങ്ങൾ കുടുംബങ്ങൾക്ക് ലഭ്യമാക്കുവാൻ ജപമാലഭക്തിയേക്കാൾ നല്ലതായി മറ്റൊന്നില്ല.' ദൈവാലയത്തിൽ സന്ധ്യക്കു കുരിശുമണി മുഴങ്ങുമ്പോൾ ഭവനങ്ങളിൽ കുടുംബാംഗങ്ങൾ തിരുഹൃദയ രൂപത്തിന്റെ മുമ്പിൽ മുട്ടുകുത്തി കുടുംബപ്രാർത്ഥന നടത്തുന്ന പാരമ്പര്യമാണ് നമുക്കുള്ളത്. ജപമാല പ്രാർത്ഥനയാണ് കുടുംബപ്രാർത്ഥനയുടെ ഹൃദയഭാഗം. കുടുംബപ്രാർത്ഥനയിൽ വീഴ്ച വരുത്താത്ത

കുടുംബങ്ങൾ ജപമാല രാജ്ഞിയുടെ സംരക്ഷണകോട്ടയിൽ സുരക്ഷിതരായിരുന്നു. നഗരവത്കരണത്തിന്റെയും ഈ കാലഘട്ടത്തിലെ വികസന സാധ്യതകളുടെയും മധ്യത്തിൽ ജീവിതം മുന്നോട്ടു നയിക്കുന്ന ഏതൊരാൾക്കും ജപമാല പ്രതിസന്ധികളെ അതിജീവിക്കാനുള്ള വലിയ കരുത്താകണം. അത് പരിശുദ്ധ അമ്മയുടെ സാമീപ്യം അനുഭവിക്കുന്ന വേദിയാകണം. ജപമാല കൈയിലെടുക്കുമ്പോൾ പരിശുദ്ധ അമ്മയുടെ കരങ്ങളിൽ മുറുകെ പിടിക്കുന്ന അനുഭവം ലഭ്യമാകണം. ഈ കാലഘട്ടത്തിന്റെ തിന്മകൾ നമ്മുടെ കുടുംബങ്ങളെയും കുഞ്ഞുങ്ങളെയും കീഴടക്കാതിരിക്കുവാൻ വിശ്വാസത്തോടെ ജപമാല കരങ്ങളിലെടുക്കാം. അനുദിന ദിവ്യബലിയിലും ഭവനങ്ങളിലെ സന്ധ്യാപ്രാർത്ഥനകളിലും കുടുംബാംഗങ്ങൾ എല്ലാവരും പങ്കെടുക്കുവാനും കുടുംബത്തിന്റെ കൂട്ടായ്മയും വിശുദ്ധിയും എന്നും കാത്തുസൂക്ഷിക്കാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഒക്ടോബർ മാസം മുഴുവൻ ദൈവാലയങ്ങളിൽ ജപമാല ചൊല്ലുവാനും ഒക്ടോബർ മാസത്തിലെ ഏതെങ്കിലും 10 ദിവസങ്ങളിൽ ആഘോഷമായ ജപമാലപ്രാർത്ഥന ക്രമീകരിക്കുവാനും അതിരൂപതയിലെ ഇടവകകളും മറ്റു സ്ഥാപനങ്ങളും ഏറെ ശ്രദ്ധവയ്ക്കുന്നത് പ്രത്യേകം ശ്ലാഘനീയമാണ്. ഭക്ത സംഘടനകൾ, കുടുംബ കൂട്ടായ്മകൾ എന്നിവരുടെ സഹായത്തോടെ ഒക്ടോബർ മാസത്തിലെ ജപമാല ആചരണം കൂടുതൽ ഭക്തിനിർഭരമാക്കാൻ പരിശ്രമിക്കുമല്ലോ. ഒക്ടോബർ മാസത്തിലെ ഒരു ദിവസം അഖണ്ഡ ജപമാല നടത്തുന്നതും സൺഡേ സ്കൂൾ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് ഏതെങ്കിലുമൊരു ഞായറാഴ്ച ജപമാല പ്രദക്ഷിണം നടത്തുന്നതും ഉചിതമാണ്. വി. ബേസിലിന്റെ വാക്കുകൾ നമുക്ക് ഓർമിക്കാം. 'പരിശുദ്ധ അമ്മയ്ക്ക് നമുക്കായി ചെയ്യുവാൻ അസാധ്യമായി ഒന്നുമില്ല. നാം ആഗ്രഹിക്കുന്നതെന്തും നൂറ് ഇരട്ടിയായി ദൈവത്തിൽനിന്ന് വാങ്ങിത്തരുവാൻ സാധിക്കുന്നവളാണ് പരിശുദ്ധ മറിയം.' 'എന്റെ അമ്മേ, എന്റെ ആശ്രയമേ' എന്ന സുകൃതജപം നമ്മുടെ അധരങ്ങളിൽ നിറയട്ടെ.

നിങ്ങൾ ഏവരെയും ഈശോയുടെ തിരുഹൃദയത്തിനും പരിശുദ്ധ ജപമാല രാജ്ഞിയുടെ സംരക്ഷണത്തിനും സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**✠ ആർച്ചുബിഷപ് ജോസഫ് പാംപ്ലാനി**

എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി

*(2026 സെപ്റ്റംബർ 27-ാം തീയതി ഞായറാഴ്ച അതിരൂപതയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കുന്നതിനായി നൽകിയത്).*

# കച്ചേരികാര്യം

## 1) TRANSFERS AND APPOINTMENTS

| | |
|---|---|
| Avookaran Raju (Chanda) | Kaprassery |
| Edassery Antony (Darvin) | Snehashusrushalayam, Asst. Director & Chaplain - St. Thomas Chapel, Chittoor |
| Kaithakottil Joyce | Medical Leave |
| Kanjirathingal John | Basilica, Ekm - Asst. |
| Kozhikkadan Joseph | Kunnapillissery, Priest-in-charge |
| Madathil Joseph (Christy) | N.G.O. Quarters |
| Manavalan Praveen | Medical Leave (Residence-Priests' Home, Edakkunnu) |
| Moonjely Augustine (Anu) | Panavally |
| Panavelil James | Leave |
| Plackal Vinod HGN | Sanjopuram |
| Punchaputhussery Basil | Ayroor (Sept. 26) |
| Puthussery Jose (P) | Medical Leave |
| Thengathara Jose | Kaloor - Renewal Centre (Residence) |
| Thettayil George (Charles) | Kaloor - Renewal Centre (Residence) |
| Vadakkedath Joseph CMI | Sanjo Nagar, Priest-in-charge (Sept. 15) |

### ഫൊറോനാ വൊക്കേഷൻ പ്രമോട്ടർമാരും അൾത്താരബാല സഖ്യത്തിന്റെ കോ-ഓർഡിനേറ്റർമാരും

| | |
|---|---|
| Angamaly: | Fr. Devassykutty (Sherin) Madavana |
| Cherthala: | Fr. Declus (Dennis) Puthuva |
| Edappally: | Fr. Will Mathew Kureekkal |
| Ernakulam: | Fr. Cheria (Jackson) Madassery |
| Kanjoor: | Fr. Thomas (Tom Leo) Thadikkaren |
| Karukutty: | Fr. Varghese (Able) Puthussery |
| Kizhakkambalam: | Fr. Varghese (Saneesh) Koikkara |
| Koratty: | Fr. Joseph (Jibin) Kadalikattu |

| | |
|---|---|
| Manjapra: | Fr. Johnson (Jofin) Madassery |
| Mookkannoor: | Fr. Josepaul (Albin) Karikunnel |
| Moozhikkulam: | Fr. George (Tojo) Vazhayil |
| Pallippuram: | Fr. Win Thomas Kureekkal |
| Paravur: | Fr. John (Cyril) Palackal |
| Thrippunithura: | Fr. Antony Pallippattu |
| Vaikom: | Fr. Poulose (Akhil) Pallippadan |
| Vallam: | Fr. Joseph (Cyril) Kunnekkadan |

## 2) പാസ്റ്ററൽ കൗൺസിൽ യോഗം

എണാകുളം-അങ്കമാലി മേജർ അതിരൂപത പാസ്റ്ററൽ കൗൺസിലിന്റെ യോഗം **2026 ഒക്ടോബർ 17 ശനിയാഴ്ച രാവിലെ 10.00 മണിക്ക് കലൂർ റിന്യൂവൽ സെന്ററിൽ കൂടുന്നതാണ്.**

## 3) പ്രസ്ബിറ്ററൽ കൗൺസിൽ യോഗം

എണാകുളം-അങ്കമാലി മേജർ അതിരൂപത വൈദിക സമിതി യോഗം (പ്രസ്ബിറ്ററൽ കൗൺസിൽ) **2026 ഒക്ടോബർ 19 തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് മേജർ ആർച്ചുബിഷപ്പ് ഹൗസിൽ കൂടുന്നതാണ്.**

## 4) ഫ്രാൻസിസ്കൻ വർഷാചരണം

**അങ്കമാലി സുബോധന റീജിയണൽ പാസ്റ്ററൽ സെന്ററിൽ**
**ഒക്ടോബർ 20, 9.00 am - 2.00 pm**

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ സ്വർഗീയപ്രാപ്തിയുടെ എണ്ണൂറാം വാർഷികത്തോടനുബന്ധിച്ച് പ്രഖ്യാപിച്ചിരിക്കുന്ന ഫ്രാൻസിസ്കൻ വർഷം, സുവിശേഷത്തിന്റെ ലാളിത്യവും സമാധാനവും സാഹോദര്യവും കരുണയും ജീവിതത്തിൽ പുനരാവിഷ്കരിക്കാനും, ദൈവത്തോടും സഹോദരങ്ങളോടും സൃഷ്ടിയോടുമുള്ള നമ്മുടെ ബന്ധങ്ങൾ പുതുക്കാനുമുള്ള സഭയുടെ ക്ഷണമാണ്.ഈ ആത്മീയ നവീകരണത്തിന്റെ ഭാഗമായി എറണാകുളം-അങ്കമാലി അതിരൂപത സംഘടിപ്പിക്കുന്ന അതിരൂപതാതല ഫ്രാൻസിസ്കൻ വർഷാചരണത്തിലേക്ക് അതിരൂപതയിലെ വൈദികരെയും സമർപ്പിതരെയും വിശ്വാസികളെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

**ഫാ. തോമസ് (ജിമ്മി) പൂച്ചക്കാട്ട്**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

# നിര്യാതരായി



## മോൺ. ആന്റണി പുന്നശ്ശേരി

- ജനനം : 13/02/1943
- തിരുപ്പട്ടം : 17/12/1968
- മരണം : 20/09/2026

മോൺസിഞ്ഞോർ ആന്റണി പുന്നശ്ശേരി അച്ചൻ 1943 ഫെബ്രുവരി 13-ാം തീയതി തുറവൂർ പുന്നശ്ശേരി ഇയോബ് ത്രേസ്യ ദമ്പതികളുടെ 5 മക്കളിൽ ഒരാളായി ജനിച്ചു. പരേതരായ അബ്രാഹം, അന്നം, സി. ഓസിയാ FCC, സി. ഗാർസിയാ FCC എന്നിവർ സഹോദരങ്ങളാണ്.

പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് ആലുവ കാർമൽഗിരി സെമിനാരിയിൽ തത്വശാസ്ത്രവും മംഗലപ്പുഴ സെമിനാരിയിൽ ദൈവശാസ്ത്രവും പഠിച്ച് വൈദിക പരിശീലനം പൂർത്തിയാക്കി. 1968 ഡിസംബർ 17-ാം തീയതി കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ കൊരട്ടി പള്ളിയിൽ സഹവികാരിയായും മേക്കാട്, വല്ലം, കൊറ്റമം, കൈപ്പട്ടൂർ, വേങ്ങൂർ എന്നീ പള്ളികളിൽ വികാരിയായും അതിരൂപത ചാൻസലർ ആയും മൈനർ സെമിനാരി അധ്യാപകനായും വൈസ് റെക്ടറായും തുടർന്ന് റെക്ടറായും അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുടെ ജോയിന്റ് ഡയറക്ടറായും തുടർന്ന് ഡയറക്ടറായും മൂക്കന്നൂർ സി.എസ്.ടി. ആശ്രമത്തിന്റെ സ്പിരിച്വൽ ഫാദർ ആയും ലിസി ആശുപത്രിയിൽ സ്പിരിച്വൽ ഫാദർ ആയും അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. എടക്കുന്ന് പ്രീസ്റ്റ്സ് ഹോമിൽ വിശ്രമജീവിതം നയിക്കുകയായിരുന്ന അച്ചൻ ഏതാനും ദിവസങ്ങളായി രോഗാവസ്ഥയിൽ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. 2026 സെപ്റ്റംബർ 20-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

അച്ചന്റെ മൃതദേഹം 23-ാം തീയതി ബുധനാഴ്ച രാവിലെ 7.30 ന് എടക്കുന്ന് പ്രീസ്റ്റ് ഹോമിൽ പൊതുദർശനത്തിന് വച്ചു. തുടർന്ന്, മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗപ്രാർത്ഥനയ്ക്ക് അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് കാർമികത്വം വഹിച്ചു. തുടർന്ന്, രാവിലെ 8.30-ന് തുറവൂരിൽ അച്ചന്റെ തറവാട്ടിൽ കൊണ്ടുപോയി. ഉച്ചക്ക് 12.00 മണിവരെ

അച്ചന്റെ തറവാട്ട് വീട്ടിലും 12.30 മുതൽ തുറവൂർ സെന്റ് അഗസ്റ്റിൻ പള്ളിയിലും പൊതുദർശനത്തിന് വച്ചു. കർമങ്ങളുടെ രണ്ടാം ഭാഗത്ത് തുറവൂർ പള്ളി വികാരി ബഹുമാനപ്പെട്ട പോൾ കോട്ടയ്ക്കലച്ചനാണ് കാർമികത്വം വഹിച്ചത്. ഉച്ചകഴിഞ്ഞ് 02.30-ന് വിശുദ്ധ കുർബാനയോടുകൂടി മൃതസംസ്കാര ശുശ്രൂഷകൾ ആരംഭിച്ചു. വികാരി ജനറൽ പെരിയ ബഹുമാനപ്പെട്ട ആന്റോ ചേരാംതുരുത്തി അച്ചനാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചത്. അങ്കമാലി ഫൊറോന പള്ളി വികാരി പെരിയ ബഹുമാനപ്പെട്ട ലൂക്കോസ് കുന്നത്തൂർ, കുടുംബാംഗങ്ങളായ ബഹുമാനപ്പെട്ട അഗസ്റ്റിൻ പുന്നശ്ശേരി MCBS, ജയ്സൺ പുന്നശ്ശേരി, സഹപാഠിയായ സെബാസ്റ്റ്യൻ വാഴപ്പള്ളി, ഇടവകാംഗങ്ങളായ അനു മൂഞ്ഞേലി, ഷനു മൂഞ്ഞേലി എന്നീ വൈദികരും സഹകാർമ്മികരായി.

കുർബാനമധ്യേ സുവിശേഷ വായനയ്ക്കുശേഷം കുടുംബാംഗമായ ബഹുമാനപ്പെട്ട അഗസ്റ്റിൻ പുന്നശ്ശേരി അച്ചൻ ആന്റണി അച്ചനെ സുവിശേഷ ഗ്രന്ഥം മുത്തിച്ചു. തുടർന്ന് വചന സന്ദേശം നൽകിയത് മഞ്ഞപ്ര ഫൊറോനാ പള്ളി വികാരി പെരിയ ബഹുമാനപ്പെട്ട വർഗീസ് പൊട്ടക്കലച്ചനാണ്. ദൈവം തനിക്ക് നൽകിയ കഴിവും അനുഗ്രഹങ്ങളും അനുസരിച്ച് വിശ്വസ്തതയോടെ വ്യത്യസ്ത മേഖലകളിൽ മനോഹരമായ ശുശ്രൂഷ ചെയ്ത വ്യക്തിയാണ് ബഹുമാനപ്പെട്ട ആന്റണി പുന്നശ്ശേരി അച്ചനെന്ന് അനുസ്മരിച്ചു കൊണ്ടാണ് പൊട്ടയ്ക്കലച്ചൻ സന്ദേശം ആരംഭിച്ചത്. അദ്ദേഹത്തിന്റെ വ്യക്തിത്വവും പക്വതയും മനസ്സിലാക്കിയതുകൊണ്ടാണ് അദ്ദേഹത്തെ 35-ാം വയസ്സിൽ അതിരൂപത മൈനർ സെമിനാരി റെക്ടറായി നിയമിച്ചത്. 10 വർഷത്തോളം അതിരൂപതയുടെ ചാൻസലറായും അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. ഏറെ ക്ഷമയും സൂക്ഷ്മതയും കൃത്യതയും വേണ്ട ഇത്തരം ഉത്തരവാദിത്തങ്ങൾ വളരെ ഭംഗിയായി അച്ചൻ നിർവഹിച്ചു. വ്യക്തിപരമായ പ്രാർത്ഥനയും ദൈവത്തോടുള്ള ആഴമായ ബന്ധവും അദ്ദേഹത്തിന്റെ ജീവിതത്തിലെ ഉത്തര വാദിത്തങ്ങളെ വിജയകരമായി പൂർത്തിയാക്കുവാൻ സഹായിച്ചു. ആന്റണി അച്ചന്റെ ഹൃദയം ഈശോ സ്വന്തമാക്കിയിരുന്നു. ശുശ്രൂഷിക്കപ്പെടാൻ നിയോഗിക്കപ്പെട്ട ഇടങ്ങളിൽ നിന്നും ഒഴിവെടുക്കാത്ത വ്യക്തിയായിരുന്നു അദ്ദേഹം. ആഴമായ വ്യക്തി ബന്ധം നിലനിർത്തിയിരുന്ന വ്യക്തിയായിരുന്നു ആന്റണി അച്ചൻ. തങ്ങളെ നേരായ ദിശയിൽ നയിക്കുകയും തങ്ങളുടെ ഹൃദയങ്ങളെ സ്പർശിക്കുകയും ചെയ്ത റെക്ടർ ആയിരുന്നു ബഹുമാനപ്പെട്ട ആന്റണി പുന്നശ്ശേരി എന്ന് അദ്ദേഹത്തിന്റെ ശിഷ്യരായ വൈദികർ പറയു മായിരുന്നു എന്ന് പൊട്ടയ്ക്കലച്ചൻ അനുസ്മരിച്ചു. സമയനിഷ്ഠ, പ്രാർത്ഥന ജീവിതം, പെരുമാറ്റത്തിലെ കുലീനത, സൗമ്യത ഇതെല്ലാം അദ്ദേഹത്തിന്റെ പ്രത്യേകതകളാണ്. ആന്റണി അച്ചൻ ആരായിരുന്നു എന്ന ചോദ്യത്തിന് രണ്ടു ഉത്തരമാണ് തനിക്കുള്ളതെന്ന് ബ. പൊട്ടയ്ക്കലച്ചൻ പറഞ്ഞു. ഒന്ന് അദ്ദേഹം

ആദരവുള്ള വ്യക്തിയായിരുന്നു. തന്റെ മുമ്പിൽ വരുന്നവരെ ബഹുമാനത്തോടെയാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. രണ്ടാമത്തേത് അദ്ദേഹം നിഷ്കളങ്ക സ്വഭാവത്തിന് ഉടമയായിരുന്നു. സങ്കീർത്തനങ്ങൾ ഉദ്ധരിച്ച്, സ്ഫടികം പോലെ നിർമ്മലനും മഞ്ഞുപോലെ വെണ്മയുള്ള വ്യക്തിയുമായിരുന്നു ആന്റണി അച്ചൻ എന്നുപറഞ്ഞുകൊണ്ടാണ് പൊട്ടയ്ക്കലച്ചൻ തന്റെ സന്ദേശം അവസാനിപ്പിച്ചത്.

മൃതസംസ്കാര ശുശ്രൂഷയുടെ അവസാന ഭാഗത്ത് മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് മുഖ്യകാർമികത്വം വഹിച്ചു. അഭിവന്ദ്യ തോമസ് ചക്യേത്ത് പിതാവ് സഹകാർമികനായിരുന്നു. അജപാലന ശുശ്രൂഷയിൽ ആന്റണിയച്ചൻ നടത്തിയ അധ്വാനത്തെയും സ്വീകരിച്ച ക്ലേശങ്ങളെയും അഭിവന്ദ്യ റാഫേൽ പിതാവ് നന്ദിയോടെ സ്മരിച്ചു. പ്രിയപ്പെട്ട ആന്റണി പുന്നശ്ശേരിയച്ചാ അങ്ങ് നൽകിയ സ്നേഹത്തിനും ലളിതമായ ജീവിത മാതൃകയ്ക്കും മുന്നിൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രണാമം!



**റവ. സി. (ഡോ.) ഗ്ലാഡീസ് വാളൂക്കാരൻ SD**
സെന്റ് മേരീസ് പ്രൊവിൻസ്, ചുണങ്ങംവേലി

- ജനനം : 23/03/1939
- വ്രതവാഗ്ദാനം : 06/01/1959
- മരണം : 13/09/2026



**റവ. സി. ജെറോസ CSN**
സെന്റ് മേരീസ് പ്രൊവിൻസ്, ചുണങ്ങംവേലി

- ജനനം : 02/09/1940
- വ്രതവാഗ്ദാനം : 24/03/1962
- മരണം : 20/08/2026

# വാർത്തകളും വിശേഷങ്ങളും

## യുദ്ധഭൂമിയിൽ അക്ഷരവെളിച്ചവുമായി കത്തോലിക്ക സഭ;മൂന്ന് വർഷത്തെ ഇടവേളക്ക് ശേഷം വീണ്ടും സ്കൂൾ തുറന്നു

ഗാസയിലെ ഏക കത്തോലിക്ക സ്കൂളായ ഹോളി ഫാമിലി സ്കൂൾ മൂന്ന് വർഷത്തെ ഇടവേളയ്ക്ക് ശേഷം സെപ്റ്റംബർ 15ന് വീണ്ടും തുറന്നു. ഏകദേശം 1,000 വിദ്യാർത്ഥികളാണ് പുതിയ അധ്യയന വർഷത്തിൽ എത്തിയത്; ഭൂരിഭാഗവും മുസ്ലീം വിദ്യാർത്ഥികളും 13 ശതമാനം ക്രിസ്ത്യൻ വിദ്യാർത്ഥികളുമാണ്. യുദ്ധത്തിൽ തകർന്ന ഗാസയിൽ സ്കൂളിന്റെ പുനരാരംഭം കുട്ടികൾക്കും കുടുംബങ്ങൾക്കും പ്രതീക്ഷയും സാധാരണ ജീവിതത്തിലേക്കുള്ള തിരിച്ചുവരവിന്റെ പ്രതീകവുമായി മാറിയെന്ന് ഇടവക വികാരി ഫാ. ഗബ്രിയേൽ റോമനെല്ലി പറഞ്ഞു. യുദ്ധത്തെ തുടർന്ന് മാനസികാഘാതം നേരിട്ട കുട്ടികൾക്കും അധ്യാപകർക്കുമായി പ്രത്യേക കൗൺസിലിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്.

## കന്യാസ്ത്രീയെക്കുറിച്ചുള്ള ഡോക്യുമെന്ററി ചിത്രത്തിന് പാക്കിസ്ഥാനിൽ ആദരവ്

പാകിസ്ഥാനിൽ കുഷ്ഠരോഗത്തിനെതിരെ ജീവിതം സമർപ്പിച്ച സിസ്റ്റർ റൂത്ത് കതറീന മാർത്ത ഫൗവിനെ ആസ്പദമാക്കിയുള്ള 'ഡോ. റൂത്ത് ഫൗ - ദ വുമൺ ഹൂ ഡിഫീറ്റഡ് ലെപ്രസി ഇൻ പാക്കിസ്ഥാൻ' എന്ന ഡോക്യു മെന്ററിക്ക് പഞ്ചാബ് പ്രവിശ്യയിലെ മനുഷ്യാവകാശ, ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പുരസ്കാരം ലഭിച്ചു. മുസ്ലീം സംവിധായകൻ ഡോ. ആതിഫ് അഷ്റഫ് നിർമിച്ച ചിത്രം, ജാതിമതഭേദമന്യേ കുഷ്ഠരോഗികളെ ശുശ്രൂഷിച്ച സിസ്റ്റർ റൂത്തിന്റെ സേവനജീവിതമാണ് അവതരിപ്പിക്കുന്നത്. 'പാക്കിസ്ഥാന്റെ മദർ തെരേസ' എന്നറിയപ്പെട്ടിരുന്ന സിസ്റ്റർ റൂത്ത് മേരി അഡ്‌ലെയ്ഡ് ലെപ്രസി സെന്ററിന്റെ സ്ഥാപക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു. ദേശീയ ന്യൂനപക്ഷ വാരത്തോടനുബന്ധിച്ച് നടന്ന ഹ്രസ്വചിത്ര മത്സരത്തിലാണ് പുരസ്കാരം ലഭിച്ചത്. കുഷ്ഠരോഗ നിയന്ത്രണത്തിനായുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സിസ്റ്റർ റൂത്തിന് ഹിലാൽ-ഇ-പാകിസ്താൻ, ഹിലാൽ-ഇ-ഇംതിയാസ് തുടങ്ങിയ ഉയർന്ന സിവിലിയൻ ബഹുമതികളും ലഭിച്ചിരുന്നു; 2017ൽ 87-ാം വയസ്സിൽ അന്തരിച്ച സിസ്റ്റർ റൂത്തിന്റെ സേവനത്തിനുള്ള അംഗീകാരമായും ക്രൈസ്തവരുടെ രാജ്യസേവനത്തിന്റെ വിലമതിപ്പായും പുരസ്കാരത്തെ സഭാധികാരികൾ വിശേഷിപ്പിച്ചു.

## പ്രതിസന്ധികൾക്കിടയിലും പ്രത്യാശ, ഫ്രാൻസിസ് മാർപാപ്പയുടെ അവസാന പുസ്തകം പുറത്തിറങ്ങുന്നു

ഫ്രാൻസിസ് മാർപാപ്പയുടെ അവസാന പുസ്തകമായ "ഹോപ്പ്, അൺഫെയിലിംഗ്" നവംബർ 10ന് പുറത്തിറങ്ങും. അർജന്റീനയിലെ ബാല്യകാലവും ജീവിതാനുഭവങ്ങളും അടിസ്ഥാനമാക്കി പ്രതിസന്ധികൾക്കിടയിലും സജീവമായ പ്രത്യാശ പുലർത്തേണ്ടതിന്റെ ആവശ്യകതയാണ് പുസ്തകം അവതരിപ്പിക്കുന്നത്. യുദ്ധം, കാലാവസ്ഥാ വ്യതിയാനം, ദാരിദ്ര്യം, കുടിയേറ്റം, അഭയാർത്ഥികളുടെ ദുരിതം തുടങ്ങിയ വിഷയങ്ങൾക്കൊപ്പം നിർമ്മിത ബുദ്ധി (AI) ഉയർത്തുന്ന വെല്ലുവിളികളും മനുഷ്യനന്മയ്ക്കായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും മാർപാപ്പ ചർച്ച ചെയ്യുന്നു. മാധ്യമപ്രവർത്തകൻ ഹെർണാൻ റെയസ് അൽക്കെയ്ഡുമായി ചേർന്ന് തയ്യാറാക്കിയ 176 പേജുള്ള പുസ്തകം മേഷർ പബ്ലിഷിംഗ് ആണ് പുറത്തിറക്കുന്നത്.

## ബൈബിളിൽ പരാമർശിക്കുന്ന ബെത്സയ്ദ നഗരം പുരാവസ്തു ഗവേഷകർ കണ്ടെത്തി

ബൈബിളിൽ ക്രിസ്തു അന്ധനെ സുഖപ്പെടുത്തിയതടക്കം നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന ബെത്സയ്ദ നഗരം വടക്കൻ ഇസ്രായേലിലെ 'എൽ-അരാജ്' മേഖലയിൽ പുരാവസ്തു ഗവേഷകർ കണ്ടെത്തിയതായി ബെത്സയ്ദ-ജൂലിയസ് ഉത്ഖനന സംഘം അറിയിച്ചു. ഒരു പതിറ്റാണ്ടിലേറെ നീണ്ട ഖനനത്തിൽ റോമൻ കാലഘട്ടത്തിലെ നാണയങ്ങൾ, വിളക്കുകൾ, അരയ്ക്കാനുള്ള കല്ലുകൾ, പൊതുമന്ദിരത്തിലെ തൂണിന്റെ ഭാഗങ്ങൾ എന്നിവയ്ക്കൊപ്പം റോമൻ കാലഘട്ടത്തിന് മുമ്പുള്ള ഗ്രീക്ക് സംസ്കാരത്തിന്റെ അവശിഷ്ടങ്ങളും കണ്ടെത്തി. ബെത്സയ്ദ 'ജൂലിയസ്' എന്ന റോമൻ നഗരമായി പുനർനാമകരണം ചെയ്യപ്പെട്ട കാലത്തും ഇവിടെ യഹൂദർ അധിവസിച്ചിരുന്നുവെന്നതിന് എ.ഡി. 70-ന് മുമ്പ് ജെറുസലേമിൽ മാത്രം നിർമിച്ചിരുന്ന ഹെറോദിയൻ വിളക്കുകളും പാത്രങ്ങളും തെളിവാണെന്ന് ഗവേഷകർ ചൂണ്ടിക്കാട്ടുന്നു.

## ദൈവം ഇല്ലെന്ന് വാദിച്ചിരുന്ന യൂട്യൂബ് ചാനൽ ഇനി ദൈവമഹത്വം പ്രഘോഷിക്കും; ജോ സ്മിഡ് കത്തോലിക്ക വിശ്വാസത്തിലേക്ക്

ഓൺലൈൻ ലോകത്തെ പ്രമുഖ അജ്ഞേയവാദിയായിരുന്ന യൂട്യൂബർ ജോ സ്മിഡ് കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. വർഷങ്ങളോളം ദൈവത്തിന്റെ അസ്തിത്വത്തെ സംശയിക്കുന്ന തത്വചിന്തകളും വാദങ്ങളും അവതരിപ്പിച്ചിരുന്ന അദ്ദേഹം, ദൈവകൃപയുടെ ഫലമായാണ് വിശ്വാസത്തിലേക്ക് മടങ്ങിയതെന്ന് പറഞ്ഞു. തന്റെ യൂട്യൂബ് ചാനലായ 'മജസ്റ്റി ഓഫ് റീസൺ' വഴിയാണ് ദൈവം ഉണ്ടെന്നും ക്രിസ്തുവാണ് കർത്താവെന്നും കത്തോലിക്കാ

സഭ ക്രിസ്തു സ്ഥാപിച്ചതാണെന്നും പ്രഖ്യാപിച്ചത്. കത്തോലിക്കാ കുടുംബത്തിൽ വളർന്ന സ്മിഡ് ഹൈസ്കൂൾ കാലത്താണ് ദൈവനിഷേധത്തിലേക്കും അജ്ഞേയവാദത്തിലേക്കും തിരിഞ്ഞത്. 2020ൽ ആരംഭിച്ച യൂട്യൂബ് ചാനലിലൂടെ ദൈവവിശ്വാസത്തിനെതിരായ വാദങ്ങൾ അവതരിപ്പിച്ചിരുന്ന അദ്ദേഹം, ഹൃദയവും ബുദ്ധിയും ഉപയോഗിച്ചുള്ള ദൈവാന്വേഷണത്തിനൊടുവിലാണ് സഭയിലേക്ക് മടങ്ങിയതെന്ന് വ്യക്തമാക്കി. പാദ്രെ പിയോയുടെ ജീവിതത്തിലെ കൃപകൾ, ലൂർദിലെയും ഫാത്തിമയിലെയും മാതാവിന്റെ പ്രത്യക്ഷീകരണങ്ങൾ, ദിവ്യകാരുണ്യ അത്ഭുതങ്ങൾ തുടങ്ങിയവ വിശ്വാസത്തിലേക്ക് നയിച്ച ഘടകങ്ങളായും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രിൻസ്റ്റൺ സർവകലാശാലയിലെ തത്വചിന്താ വിഭാഗത്തിൽ ഡോക്ടറൽ ഗവേഷകനായ സ്മിഡ്, കത്തോലിക്കാ വിശ്വാസത്തെയും ദൈവവിശ്വാസത്തെയും പിന്തുണയ്ക്കുന്ന ചർച്ചകളുമായി തന്റെ യൂട്യൂബ് ചാനൽ മുന്നോട്ടുകൊണ്ടുപോകുമെന്നും അറിയിച്ചു.

---

# വിശ്വാസപരിശീലനകേന്ദ്രം

**I. ഒന്നാം സെമസ്റ്റർ പരീക്ഷ:** വിശ്വാസപരിശീലനത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 01 ഞായറാഴ്ച നടത്തപ്പെടുന്നു. സിലബസിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ വചനദീപത്തിലും Website: www.catechismernakulam.com-ലും ലഭ്യമാണ്.

**II. DIDACHE**

പ്ലസ് ടു കഴിഞ്ഞവർക്കായ് അതിരൂപതാ കാറ്റക്കീസം ഡിപ്പാർട്ട്മെന്റ് നടത്തുന്ന DIDACHE യുടെ മൂന്നാമത്തെ ക്ലാസ് കലൂർ റിന്യുവൽ സെന്ററിൽ ഒക്ടോബർ 11 ഞായറാഴ്ച 2.30 pm മുതൽ 5.30 pm വരെ The Holy Spirit and the Church: Unity, Mission and Ecumenism എന്ന വിഷയത്തെക്കുറിച്ച് നടത്തുന്നു.

**III. ഡിപ്ലോമ റെസിഡൻഷ്യൽ കോഴ്സിന്റെ ഒന്നാം സെമസ്റ്റർ ക്ലാസ്സുകൾ**

ഒന്നാം വർഷ ഡിപ്ലോമ - 2026 ഒക്ടോബർ 17, 18 (ശനി, ഞായർ)
രണ്ടാം വർഷ ഡിപ്ലോമ - 2026 ഒക്ടോബർ 20, 21 (ചൊവ്വ, ബുധൻ)
സ്ഥലം: റിന്യൂവൽ സെന്റർ, ആസാദ് റോഡ്, കലൂർ, എറണാകുളം.
രജിസ്റ്റർ ചെയ്ത കുട്ടികൾ രാവിലെ 9.00-ന് എത്തിച്ചേരേണ്ടതാണ്. ഓരോ സെഷനും അവസാനിക്കുന്ന ദിവസം പരീക്ഷ ഉണ്ടായിരിക്കും.

**IV. വിശ്വാസപരിശീലകരുടെ ദിനാഘോഷം:**

2026 നവംബർ 04-ാം തീയതി ബുധനാഴ്ച വിശ്വാസപരിശീലകരുടെ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾദിനമാണ്.

നവംബർ 08-ാം തീയതി ഇടവകകളിൽ വിശ്വാസപരിശീലകരുടെ ദിനമായി ആഘോഷിക്കുന്നു. അദ്ധ്യാപകരെ ആദരിക്കുന്ന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

**V. 2026 ഒക്ടോബർ മാസത്തിൽ നടക്കുന്ന എൻലൈറ്റ് പരിപാടികൾ:**

ഒക്ടോബർ 04 ഞായർ: എൻലൈറ്റ്- ഇടപ്പള്ളി ഫൊറോന
ഒക്ടോബർ 11 ഞായർ: എൻലൈറ്റ്- വല്ലം ഫൊറോന
ഒക്ടോബർ 18 ഞായർ: എൻലൈറ്റ്- മൂഴിക്കുളം ഫൊറോന
ഒക്ടോബർ 25 ഞായർ: എൻലൈറ്റ്- കിഴക്കമ്പലം ഫൊറോന

## കാറ്റക്കീസം വാർത്തകൾ

**I. ദൈവവിളി അനുഭവ വിവരണ മത്സരം - വിജയികൾ**

അതിരൂപതാ ദൈവവിളി ദിനത്തോടനുബന്ധിച്ച് കാറ്റക്കീസം വിദ്യാർത്ഥികൾക്കായി നടത്തിയ ദൈവവിളി അനുഭവ വിവരണ മത്സര വിജിയകൾ

I Sandra Grace Raju - Christ the King Church, Karukutty
II Alphonsa Jolly Madamana - Martin De Porres Church, Martin Nagar
III Noel Biju Kachappilly - Infant Jesus Church, Kizhakkumbhagam

**II. ദൈവശാസ്ത്ര വൈദീക വിദ്യാർത്ഥികളുടെ സംഗമം**

ഇടവകകളിൽ വിശ്വാസപരിശീലനത്തിനു സഹായിക്കുന്ന ദൈവശാസ്ത്ര വൈദീക വിദ്യാർത്ഥികളുടെ സംഗമം സെപ്റ്റംബർ 13-ാം തീയതി 3.00 pm മുതൽ 5.30 pm വരെ കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. തൊണ്ണൂറോളം ദൈവശാസ്ത്ര വൈദീക വിദ്യാർത്ഥികൾ പങ്കെടുത്ത മീറ്റിങ്ങിൽ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു വേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി മാർ ജോസഫ് പാംപ്ലാനി അദ്ധ്യക്ഷനായിരുന്നു.

**III. Basic Orientation Course (BOC)**

വിശ്വാസപരിശീലകർക്കുവേണ്ടി സെപ്റ്റംബർ 12-13 (ശനി, ഞായർ) & സെപ്റ്റംബർ 19-20 (ശനി, ഞായർ) തീയതികളിൽ കലൂർ റിന്യുവൽ സെന്ററിൽ Basic Orientation Course (BOC) നടന്നു. രണ്ട് കോഴ്സുകളിലുമായി 318 അദ്ധ്യാപകർ പങ്കെടുത്തു. ആദ്യ കോഴ്സിന്റെ സമാപനത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അദ്ധ്യാപകർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. രണ്ടാമത്തെ കോഴ്സിന്റെ സർട്ടിഫിക്കറ്റ് വിതരണം അതിരൂപതാ വികാരി ജനറാൾ വെരി. റവ. ഡോ. ജോസ് പുതിയേടത്ത് നിർവഹിച്ചു.

**IV. DIDACHE**

പ്ലസ് ടൂ കഴിഞ്ഞവർക്കായ് അതിരൂപതാ കാറ്റക്കീസം ഡിപ്പാർട്ട്മെന്റ് നടത്തുന്ന DIDACHE യുടെ രണ്ടാമത്തെ ക്ലാസ് കലൂർ റിന്യുവൽ സെന്ററിൽ സെപ്റ്റംബർ 13-ാം തീയതി ഞായറാഴ്ച നടന്നു. മൈനർ സെമിനാരി റെക്ടർ റവ.ഡോ. മാർട്ടിൻ കല്ലുങ്കൽ Jesus Christ: ചരിത്രത്തിലും വി. ഗ്രന്ഥത്തിലും എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. മാർ ജോസഫ് പാംപ്ലാനി കുട്ടികളെ കാണുകയുണ്ടായി.

**V. വല്ലം ഫൊറോനാ അദ്ധ്യാപക കൺവെൻഷൻ**

വല്ലം ഫൊറോനാ അദ്ധ്യാപക കൺവെൻഷൻ വിവിധ ഇടവകകളിൽ നിന്നുള്ള പരിപാടികളോടെ സെപ്റ്റംബർ 20-ാം തീയതി വല്ലം സെന്റ് തെരേസാസ് ഫൊറോന പള്ളിയിൽ നടത്തപ്പെട്ടു. 271 വിശ്വാസ പരിശീലകർ പങ്കെടുത്തു. ഫൊറോന വികാരി ബഹു. സെബാസ്റ്റ്യൻ മാടശ്ശേരി അച്ചൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. വല്ലം ഫൊറോന കാറ്റക്കീസം ഡയറക്ടർ ഫാ. സണ്ണി കളപ്പുരക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത വിശ്വാസ പരിശീലന വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ഫാ. സച്ചിൻ മാമ്പുഴക്കൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും ഫൊറോനാ സെക്രട്ടറി സി. ഹൃദ്യ എസ്.ഡി. റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. വിശ്വാസ പരിശീലകരുടെ ദൗത്യത്തെക്കുറിച്ച് ഫാ. ജേക്കബ് നാലുപറയിൽ MCBS ക്ലാസ് നയിച്ചു. വിശ്വാസ പരിശീലന രംഗത്ത് 25, 40 വർഷങ്ങൾ പൂർത്തിയാക്കിയവരെ ചടങ്ങിൽ ആദരിച്ചു. ദിവ്യകാരുണ്യ ആരാധനയോടെ തുടങ്ങിയ കൺവെൻഷൻ സ്നേഹ വിരുന്നോടെ സമാപിച്ചു. ഫൊറോന കൗൺസിൽ കൺവെൻഷന് നേതൃത്വം നൽകി.

**VI. 2026 സെപ്റ്റംബർ മാസത്തിൽ നടന്ന എൻലൈറ്റ് പരിപാടികൾ**

സെപ്റ്റംബർ 6 ഞായർ: എൻലൈറ്റ് - തൃപ്പൂണിത്തുറ ഫൊറോന

സെപ്റ്റംബർ 20 ഞായർ: എൻലൈറ്റ് - കറുകുറ്റി ഫൊറോന

എൻലൈറ്റ് പ്രോഗ്രാമുകൾ നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിത്തന്ന വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും പള്ളി കമ്മിറ്റി അംഗങ്ങൾക്കും ഫൊറോന കൗൺസിലിനും പ്രത്യേകം നന്ദി.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

# സുബോധന

## റീജിയണൽ പാസ്റ്ററൽ സെന്റർ, അങ്കമാലി

### ഒക്ടോബർ 20: ഫ്രാൻസിസ്കൻ വർഷാചരണം

09.00 am - 02.00 pm

» വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ സ്വർഗീയപ്രാപ്തിയുടെ എണ്ണൂറാം വാർഷികത്തോടനുബന്ധിച്ച് എറണാകുളം-അങ്കമാലി അതിരൂപത സംഘടിപ്പിക്കുന്ന അതിരൂപതാതല ഫ്രാൻസിസ്കൻ വർഷാചരണം.

### പരിപാടികൾ

| | | |
|---|---|---|
| 09.00 | : | തിരുഹൃദയത്തണലിൽ<br>തിരുശേഷിപ്പ് പ്രദക്ഷിണം |
| 10.00 | : | തിരുസന്നിധിയിൽ സമാധാന ദൂതനോടൊപ്പം<br>പ്രാർത്ഥനാ ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുന്നത്<br>ഫാ. ജോസ് പുതിയേടത്ത് |
| 10.30 | : | ഉദ്ഘാടനം, വിഷയാവതരണം: മാർ ജോസഫ് പാംപ്ലാനി<br>സന്ദേശം: മാർ തോമസ് ചക്യത്ത്<br>അനുഗ്രഹ പ്രഭാഷണം: മാർ ആന്റണി കരിയിൽ |
| 10.45 | : | ഫ്രാൻസിസ്കൻ വിചാരങ്ങൾ<br>മോഡറേറ്റർ : ഫാ. മാർട്ടിൻ കല്ലുങ്കൽ |

**ചർച്ചാ വിഷയങ്ങൾ:**

- ദരിദ്ര സഭയുടെ ഫ്രാൻസിസ്കൻ ചെവിട്ടോർമകൾ
  ഫാ. അൽഫോൻസ് വഴപ്പനാടി OFM Conv.
- തുടരേണ്ട പള്ളി പണി: ഫ്രാൻസിസ് എന്ന പള്ളിപ്പണിക്കാരൻ
  ഫാ. ആന്റണി മാണിപ്പറമ്പിൽ OFM Cap.
- പ്രകൃതിഗായകന്റെ സൂര്യകീർത്തനങ്ങൾ
  അഡ്വ. സി. ഷിബി പോൾ പൈനാടത്ത് FHGS
- സമാധാന സംസ്ഥാപകന്റെ സമകാലിക ദൗത്യങ്ങൾ
  സി. സീലിയ FCC

01.00 : സ്നേഹവിരുന്ന്

**ഫാ. ജോസഫ് പാത്താടൻ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

## വിവാഹ ഒരുക്ക ധ്യാനം (MPR)

ഒക്ടോബർ 05-07 (കലൂർ)
ഒക്ടോബർ 13-15 (കാലടി)
ഒക്ടോബർ 19-21 (കലൂർ)
ഒക്ടോബർ 27-29 (കാലടി)
നവംബർ 03-05 (കാലടി)
നവംബർ 09-11 (കലൂർ)
നവംബർ 16-18 (കലൂർ)
നവംബർ 20-22 (കാലടി)

NB: വിവാഹ ഒരുക്ക ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

## ബേബിഷൈൻ ധ്യാനം - ജീവാലയ (Contact Number - 8078334522)

ഒക്ടോബർ 02-04

## MCC Discipleship

ഒക്ടോബർ 02 - ജീവാലയ

## ദമ്പതി ധ്യാനം - ജീവാലയ (Contact Number - 8078334522)

ഒക്ടോബർ 09-11 (20 ദമ്പതികൾക്ക് മാത്രം)

## സൺഷൈൻ ധ്യാനം - ജീവാലയ (65 വയസ്സ് കഴിഞ്ഞ മുതിർന്ന ദമ്പതികൾക്ക്)

ഒക്ടോബർ 16-18 (20 ദമ്പതികൾക്ക് മാത്രം)

## ദമ്പതി സെമിനാർ (അർദ്ധദിനം)

ഒക്ടോബർ 04 - തിരുനെല്ലൂർ
ഒക്ടോബർ 18 - തിരുനെല്ലൂർ
ഒക്ടോബർ 25 - തിരുനെല്ലൂർ

## ദമ്പതി ധ്യാനം (എം.സി.സി ദമ്പതികൾക്ക്)

ഒക്ടോബർ 20-21 - സൗത്ത് സോൺ @ മാടക്കൽ
ഒക്ടോബർ 20-21 - സെൻട്രൽ സോൺ @ കളമശ്ശേരി

## വിധവാ ധ്യാനം (Contact Number: 9400929111)

ഒക്ടോബർ 23-25

## വിവാഹോത്സവ് 2026

ഒക്ടോബർ 03 - ഇടപ്പള്ളി, പറവൂർ
ഒക്ടോബർ 10 - എറണാകുളം, തൃപ്പൂണിത്തുറ

## ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ ശുശ്രൂഷകൾ

### വിവാഹ ഒരുക്ക ധ്യാനം

610-ളം യുവതിയുവാക്കളെ വിവാഹത്തിനായി ഒരുക്കി. കൂടാതെ അവരുടെ മാതാപിതാക്കൾക്കായി ഏകദിന സെമിനാർ നടത്തുകയും ചെയ്തു.

### പാരന്റിംഗ് സെമിനാർ

മനശാസ്ത്ര-ആത്മീയ തലങ്ങളെ സമന്വയിപ്പിച്ച് മാതാപിതാക്കൾക്കായി ഇടവക, സ്കൂൾ തലങ്ങളിൽ അർദ്ധദിന സെമിനാർ നടത്തി. മൂഴിക്കുളം ഇടവക, കോക്കുന്ന് NMCLPS സ്കൂൾ എന്നിവിടങ്ങളിൽ നടന്ന സെമിനാറുകളിൽ 250 പേർ പങ്കെടുത്തു.

### സ്നേഹജ്വാല (ദാമ്പത്യ പരിപോഷണ പരിശീലനം)

മൂന്ന് തുടർസായാഹ്നങ്ങളിലായി 20-40 ദമ്പതികൾക്കായി നടത്തുന്ന ദാമ്പത്യ പോഷണ പരിപാടിയായ സ്നേഹജ്വാല ആലുവ, കോട്ടക്കാവ്, പെരുമ്പാവൂർ ഇടവകകളിൽ നടന്നു. 75 ദമ്പതികൾക്ക് പരിശീലനം ലഭിച്ചു.

### യുവജന സെമിനാർ

യുവജന ശുശ്രൂഷയുടെ ഭാഗമായി നടത്തുന്ന ഏകദിന ജീവിത-നൈപുണ്യ ശില്പശാല രണ്ട് ഇടവകകളിൽ (തിരുനല്ലൂർ, കൈപ്പട്ടൂർ) നടത്തി.

### നേതൃത്വ പരിശീലനം

കുടുംബ യൂണിറ്റ് ഭാരവാഹികൾക്കായി മേലൂർ ഇടവകയിൽ ആശയവിനിമയ പാടവം, നേതൃത്വപാടവം, വൈകാരിക സമന്വയം എന്നീ വിഷയങ്ങൾ അടിസ്ഥാനമാക്കി അർദ്ധദിന സെമിനാർ നടത്തി.

### ദമ്പതി ധ്യാനം

ജീവാലയയിൽ എല്ലാ മാസവും നടത്തുന്ന ശ്രദ്ധേയമായ ശുശ്രൂഷയാണിത്. 20 ദമ്പതികളെ മാത്രം ഉൾപ്പെടുത്തി നടത്തുന്ന ദാമ്പത്യ പോഷണ ശില്പശാലയിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമായി ദമ്പതികൾ പങ്കെടുത്തു. ആത്മീയ-ശാരീരിക-മാനസിക ഉണർവ്വും, അനുരഞ്ജനവും ഈ ധ്യാനത്തിന്റ പ്രത്യേകതയാണ്.

### കുടുംബ പോഷണ ഇടവക ധ്യാനം

കുടുംബ ധ്യാനം പൂർണ്ണാർത്ഥത്തിൽ ഇടവകതലത്തിൽ നടത്തുന്ന ഈ ശുശ്രൂഷ മൂന്ന് ദിവസങ്ങളിലായി പാണാവള്ളി ഇടവകയിൽ നടന്നു. കുടുംബത്തിന്റെ ഘടന, ബന്ധങ്ങളുടെ ചലനാത്മകത, തലമുറകളുടെ കണക്ഷൻ, കുടുംബ-ദമ്പതി ആത്മീയത, വിവാഹമെന്ന കൂദാശയുടെ പ്രായോഗിക തലങ്ങൾ ഈ ധ്യാനം ചർച്ച ചെയ്യുന്നു.

## കൗൺസിലിംഗ്

ദാമ്പത്യ-കുടുംബ മേഖലയിലെ വർദ്ധിച്ചു വരുന്ന മാനസിക-വൈകാരിക സംഘർഷങ്ങൾക്ക് പരിഹാരമേകുവാൻ കുടുംബപ്രേഷിത കേന്ദ്രം നൽകുന്ന പ്രൊഫഷണൽ കൗൺസിലിംഗ് സൗകര്യം കാലടി ജീവാലയ, കലൂർ റിന്യൂവൽ സെന്റർ, വൈക്കം വെൽഫയർ സെന്റർ കേന്ദ്രങ്ങളിലായി നടന്നു. 35 പേർ ഇതിന്റെ ഗുണഭോക്താക്കളായി.

## വിവാഹോത്സവ് ഭ26

16 ഫൊറോനകളിലായി ഏകദേശം 1500 ദമ്പതികൾ തങ്ങളുടെ വിവാഹത്തിന്റെ സുവർണ്ണ-രജത ജൂബിലിയാഘോഷിക്കുവാനായി ഒത്തുകൂടി. അതിരൂപതയുടെ ആദരവും അഭിനന്ദനവും വിവിധ ദിനങ്ങളിലായി ഫൊറോന തലത്തിൽ നടന്ന ഏകദിന പരിപാടിയിൽ സന്തോഷത്തോടെ അർപ്പിച്ചു. സഹകരിച്ച എല്ലാവർക്കും പ്രത്യേകിച്ച് വൈദീകർ, സന്യാസിനികൾ, എം.സി.സി, യൂദിത്ത് ഫോറം അംഗങ്ങൾ എന്നിവർക്ക് നന്ദി.

## എം.സി.സി വാർഷീക ധ്യാനം

കുടുംബപ്രേഷിത കേന്ദ്രത്തിന്റെ ഭാഗമായി അതിരൂപതയിൽ 180-ാളം ദമ്പതികൾ MCC ശുശ്രൂഷയുടെ ഭാഗമാണ്. അവരുടെ വാർഷീക ധ്യാനം 4 ബാച്ചുകളിലായി നടന്നു. തീക്ഷണതയോടെ ആത്മാർത്ഥമായി ദാമ്പത്യ കുടുംബ മേഖലയിൽ സഹഇടയ ശുശ്രൂഷ ചെയ്യാൻ ഉണർവേകാൻ ഈ ധ്യാനങ്ങൾ സഹായിച്ചു. ധ്യാനത്തിന് നേതൃത്വം നൽകിയ ബഹു. ജോസ് പുതുശ്ശേരി, ഫാ. വർഗ്ഗീസ് പെരുമായൻ, ഫാ. ജോർജ് തേലേക്കാട്ട് എന്നിവർക്ക് നന്ദി.

## യൂദിത്ത് ഫോറം ധ്യാനം

വിഷാദാവസ്ഥയിലുള്ള വ്യക്തികൾക്കും പങ്കാളിയെ നഷ്ടപ്പെട്ടതുമൂലം ഏകാന്തത അനുഭവിക്കുന്നവർക്കും മാനസിക ഉണർവ്വ് നൽകുന്ന ശിലിപശാലയാണ് വിധവാ ധ്യാനം. യൂദിത്ത് ഫോറത്തിന്റെ നേതൃത്വത്തിൽ നടന്ന ഈ ധ്യാനത്തിൽ കേരളത്തിന്റെ വിവിധയിടങ്ങളിൽ നിന്നുമായി 30 പേർ പങ്കെടുത്തു.

## ബോർഡ് മീറ്റംഗ്

സെപ്റ്റംബർ 28-ന് അതിരൂപതാ വികാരി ജനറാൾ പെ. ബഹുമാനപ്പെട്ട ജോസ് പുതിയേടത്തച്ചന്റെ നേതൃത്വത്തിൽ FACE ന്റെ ബോർഡ് മീറ്റിംഗ് നടന്നു.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# ബൈബിൾ അപ്പോസ്റ്റലേറ്റ്

## എറണാകുളം-അങ്കമാലി അതിരൂപത ബൈബിൾ കലോത്സവം 2026

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ - 2026

കവിത, കഥ, ലേഖനം, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറ് പേജിലും (പ്രിന്റ്: 3 പേജ്) ലേഖനം പത്ത് പേജിലും (പ്രിന്റ് : 6 പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല. ബൈബിൾ പ്രമേയങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം രചനകൾ.

രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം.

അല്മായർ, സെമിനാരി വിദ്യാർഥികൾ, സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം.

- പൊതുവിഷയം: **"ദൈവവചനവും ഫ്രാൻസിസ് അസ്സീസിയും"**
- അല്മായർ: **"ദൈവവചനവും ഫ്രാൻസിസ് അസ്സീസിയും" അല്മായരുടെ ജീവിതത്തിൽ**
- സെമിനാരി വിദ്യാർഥികൾ: **"ദൈവവചനവും ഫ്രാൻസിസ് അസ്സീസിയും" സെമിനാരി വിദ്യാർഥികളുടെ പരിശീലനത്തിൽ**
- സന്ന്യാസിനികൾ: **"ദൈവവചനവും ഫ്രാൻസിസ് അസ്സീസിയും" സന്യസ്ത ജീവിതത്തിൽ**

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/Bank transfer to KCBC Bible Commission A/c No. 0423053000006271, IFSC: SIBL0000423, SWIFT: SOININ55, South Indian Bank, Vennala Branch) അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് യഥാക്രമം 2000

രൂപ, 1500 രൂപ, 1000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ബൈബിളും നല്കുന്നതാണ്. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിന് അയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്.

ഒരാൾക്ക് എത്ര രചനാ മത്സരങ്ങളിൽ പങ്കെടുക്കാം എന്ന് നിബന്ധനയില്ല. എല്ലാറ്റിലും പങ്കെടുക്കാം.

- ഓരോ രചനകൾക്കും പ്രത്യേകം രജിസ്ട്രേഷൻ ഫീസ് നൽകണം.
- പേപ്പറിന്റെ ഒരു വശത്ത് മാത്രമേ എഴുതുവാൻ പാടുള്ളൂ.
- രചനകൾ മലയാളത്തിൽ മാത്രമാണ് എഴുതേണ്ടത്.
- രചനകൾ അയക്കുന്ന കവറിന്റെ പുറത്ത് 'അഖില കേരള ബൈബിൾ കലോത്സവം' എന്ന് എഴുതിയിരിക്കണം.
- മത്സരത്തിനയക്കുന്ന കൃതികൾ ലഭിക്കേണ്ട അവസാന തീയതി **2026 നവംബർ 16** ആണ്.
- കൃതികൾ അയയ്ക്കേണ്ട വിലാസം:
  **സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, വെണ്ണല പി.ഒ., കൊച്ചി 682028.**

## 26-ാമത് ലോഗോസ് ക്വിസ്

» 26-ാമത് ലോഗോസ് ക്വിസിൽ ഏറ്റവും അധികം വ്യക്തികളെ പങ്കെടുപ്പിച്ച രൂപതക്ക് ഉള്ള സമ്മാനത്തിന് അർഹരായത് 26-ാം തവണയും നമ്മുടെ അതിരൂപതയാണ്. ഈ നേട്ടം കൈവരിക്കുന്നതിനായി സഹായിച്ച നമ്മുടെ എല്ലാ വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും ലോഗോസ് ക്വിസ് കോർഡിനേറ്റർമാർക്കും അഭിനന്ദനങ്ങളും നന്ദിയും.

» സംസ്ഥാനതലത്തിൽ ലോഗോസ് ക്വിസ് മത്സരത്തിന് ഏറ്റവും അധികം വ്യക്തികളെ പങ്കെടുപ്പിച്ച ഇടവകകളിൽ മൂന്നാം സ്ഥാനം നേടിയത് അങ്കമാലി സെന്റ് ജോർജ് ബസിലിക്ക ഇടവകയാണ്.

» 26-ാമത് ലോഗോസ് ക്വിസിൽ നമ്മുടെ അതിരൂപത്തിൽ ഏറ്റവും അധികം വ്യക്തികളെ പങ്കെടുപ്പിച്ച ഇടവകകൾ

1. അങ്കമാലി സെന്റ് ജോർജ് ബസിലിക്ക
2. എടക്കുന്ന് സെന്റ് ആന്റണീസ് പള്ളി
3. കൊരട്ടി സെന്റ് മേരീസ് ഫൊറോന പള്ളി

**ഫാ. റിജു ആന്റണി വെളിയിൽ**
**ഡയറക്ടർ**

എറണാകുളം
# ചിറ്റൂർ ധ്യാനകേന്ദ്രം
സ്നേഹശുശ്രൂഷാലയം

*'നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും.' (യോഹ 15:4)*

## 2026 ഒക്ടോബർ മാസത്തെ ആത്മീയശുശ്രൂഷകൾ

### ആന്തരികസൗഖ്യധ്യാനം (Inner Healing Retreat)

ഒക്ടോബർ 2 വെള്ളി 5.00 pm – ഒക്ടോബർ 7 ബുധൻ 8.00 am
ഒക്ടോബർ 16 വെള്ളി 5.00 pm – ഒക്ടോബർ 21 ബുധൻ 8.00 am
ഒക്ടോബർ 30 വെള്ളി 5.00 pm – നവംബർ 4 ബുധൻ 8.00 am

### ആത്മാഭിഷേക ധ്യാനം (Holy Spirit Anointing Retreat - 3 Days)

ഒക്ടോബർ 23 വെള്ളി 5.00 pm – ഒക്ടോബർ 26 തിങ്കൾ 8.00 am

### എബൈഡ് – യുവജനധ്യാനം (ABIDE 105)

**(Public Holidays Special Youth Retreat)**

ഒക്ടോബർ 17 ശനി 9.00 am ഒക്ടോബർ 21 ബുധൻ 8.00 am

### മാസാദ്യവെള്ളി കൺവെൻഷൻ (First Friday Convention)

ഒക്ടോബർ 2 വെള്ളി 9.00 am - 3.00 pm

### ഏകദിനധ്യാനം (One Day Retreat)

മാസാദ്യവെള്ളി ഒഴികെ മറ്റെല്ലാ വെള്ളിയാഴ്ചകളിലും 9.00 am - 3.00 pm

### വല്ലാർപാടം കാൽനട തീർത്ഥാടനം (Vallarpadam Walking Pilgrimage)

ഒക്ടോബർ 4 ഞായർ 2 pm മുതൽ

### മരിയൻ ജപമാല കൺവെൻഷൻ (Marian Japamala Convention)

ഒക്ടോബർ 9, 10, 11 (വെള്ളി, ശനി, ഞായർ) 9.00 am – 4.00 pm

### Abide Night Vigil (എബൈഡ് യുവജനങ്ങൾക്കായി)

എല്ലാ ശനിയാഴ്ചകളിലും 6.30 pm - 9.30 pm

### ജാഗരണപ്രാർത്ഥന (Night Vigil)

എല്ലാ വെള്ളിയാഴ്ചയും 9.30 pm - ശനി 1.00 am

☞ കുമ്പസാരം, കൗൺസിലിങ്ങ് – എല്ലാ ദിവസവും സൗകര്യമുണ്ടായിരിക്കും.
☞ മധ്യസ്ഥ പ്രാർത്ഥന 24 മണിക്കൂറും ഉണ്ടായിരിക്കും.

ധ്യാനം ബുക്ക് ചെയ്യാൻ: **Ph: 9446040508, 8606740508, 8606729508, 0484-2432508**
Website: www.chittoorretreatcentre.org
App:- ABIDE CHITTOOR RETREAT CENTRE

**ഫാ. ജോസ് പുതിയേടത്ത് (ഡയറക്ടർ)**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

### Study Programs

- Immerse yourself in German - Join our 8-month Residential Language Program in Germany.
- Shape your Healthcare Career - Study Nursing & Physiotherapy in Australia.
- Build your Global future with AI & Cyber Security Programs.
- IELTS, NICE (Naipunnya International Communicative English) എന്നീ ഇംഗ്ലീഷ് ഭാഷ പരിശീലന കോഴ്സുകൾക്ക് മാസത്തിലെ എല്ലാ തിങ്കളാഴ്ചകളിലും പുതിയ ബാച്ചുകൾ ആരംഭിക്കുന്നു.
- Study Abroad Counselling: വിദേശ പഠനത്തിന് സാധ്യത തേടുന്ന കുട്ടികൾക്ക് വേണ്ട മാർഗ്ഗനിർദേശങ്ങളും വിവിധ വിദേശ യൂണിവേഴ്സിറ്റികളിലെ സാധ്യതകൾ കണ്ടെത്താനുള്ള സഹായവും അനുബന്ധ കൗൺസിലിങ്ങും നൈപുണ്യ ഇന്റർനാഷണൽ എഡ്യൂക്കേഷണൽ കൗൺസിലിംഗ് ടീം ഇടവകകളിൽ വന്ന് നൽകുന്നതാണ്. ഞായറാഴ്ചകളിൽ വിശുദ്ധ കുർബാനയ്ക്കുശേഷമുള്ള സമയത്ത്, മുൻകൂട്ടി ബുക്ക് ചെയ്യുന്ന ഇടവകകളിൽ ഈ സേവനം സൗജന്യമായി ലഭ്യമാക്കുന്നതാണ്.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9072919144**

### October Programs

വിദേശ ഭാഷാ പഠനത്തിന് (German, Italian & Spanish) കലൂർ റിന്യൂവൽ സെന്ററിലുള്ള നൈപുണ്യ അക്കാദമിയിൽ ബന്ധപ്പെടുക.

- Italian (A1 A2) Offline batch starts October 5th.
- German B1 Offline batch starts October 12th.
- German B2 Offline batch starts October 26th.
- Spanish (A1 A2) Online batch starts October 5th.
  (ജർമ്മൻ & ഇറ്റാലിയൻ ഭാഷാ പഠനത്തിന് താല്പര്യമുള്ളവർക്ക് താമസ സൗകര്യം ലഭ്യമാണ്).
- 2026-27 വർഷത്തേക്കുള്ള Regular, Sunday, Evening & Foundation Batches-ലേക്കുള്ള അഡ്മിഷൻ ഇപ്പോൾ ആരംഭിച്ചിരിക്കുന്നു.

- വിദ്യാർത്ഥികൾക്കും സ്ഥാപനങ്ങൾക്കും അനുയോജ്യമായ Civil Service Outreach Programs ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും Outreach Programs-നുമായി ഓഫീസുമായി ബന്ധപ്പെടുക.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

**October Programs**

- UGC NET / JRF
  Assistant Profesosr, JRF, PhD എന്നിവയ്ക്കുള്ള ദേശീയതല യോഗ്യതാ പരീക്ഷ.
  Paper I & II - Offline Coaching
  New Admission: Every Monday
  ക്ലാസ്സ് സമയം: തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10:00 മുതൽ 1:00 വരെ
- BANK EXAMS
  ബാങ്കുകളിലെ വിവിധ തസ്തികകളിലേക്കുള്ള മത്സര പരീക്ഷ.
  IBPS PO, Clerk, SO - Offline Coaching
  New Admission: Every Monday
  ക്ലാസ്സ് സമയം: തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10:00 മുതൽ 1:00 വരെ
- SSC
  കേന്ദ്ര സർക്കാർ ജോലികൾക്കുള്ള പ്രധാന പരീക്ഷ.
  CGL, CHSL, MTS - Offline Coaching
  New Admission: Every Monday
  ക്ലാസ്സ് സമയം: തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10:00 മുതൽ 1:00 വരെ
- CUET
  സർവ്വകലാശാല പ്രവേശനത്തിനുള്ള ദേശീയതല പരീക്ഷ.
  Online & Offline Regular BatchNew Admission: Every Monday
  ക്ലാസ്സ് സമയം: തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10:00 മുതൽ 1:00 വരെ
- RAILWAY EXAMS
  റെയിൽവേയിലെ വിവിധ തസ്തികകളിലേക്കുള്ള പരീക്ഷ.
  Graduate & Undergraduate Level
  New Admission: Every Monday
  ക്ലാസ്സ് സമയം: തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10:00 മുതൽ 1:00 വരെ
- CMAT / K-MAT
  MBA പ്രവേശനത്തിനുള്ള പ്രധാന Entrance Exams.
  Offline Coaching - Admission Open
  ക്ലാസ്സ് സമയം: തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10:00 മുതൽ 1:00 വരെ

- LAW ENTRANCE
  നിയമ പഠനത്തിനുള്ള പ്രവേശന പരീക്ഷാ പരിശീലനം.
  Admission Open
  ക്ലാസ്സ് സമയം: തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10:00 മുതൽ 1:00 വരെ
- IELTS
  International English Language Testing System ]cnioe\w.
  Regular Offline & Online (All Mondays new batch)
  ക്ലാസ്സ് സമയം: തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10:00 മുതൽ 1:00 വരെ
- PTE (Pearosn Test of English)
  വിദേശ പഠനത്തിനും കുടിയേറ്റത്തിനും ആവശ്യമായ ഇംഗ്ലീഷ് പരീക്ഷാ പരിശീലനം.
  Regular Offline & Online (All Mondays new batch)
  ക്ലാസ്സ് സമയം: തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10:00 മുതൽ 1:00 വരെ
- COMMUNICATIVE ENGLISH
  ഇംഗ്ലീഷ് സംസാരശേഷിയും കമ്മ്യൂണിക്കേഷൻ സ്കില്ലും മെച്ചപ്പെടുത്തുന്ന കോഴ്സ്.
  Regular Offline & Online (All Mondays new batch)
  ക്ലാസ്സ് സമയം: തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10:00 മുതൽ 1:00 വരെ

## 4) NAIPUNNYA INTERNATIONAL SUBODHANA PASTORAL CENTRE, ANGAMALY

**Contact: 9544919155, 9633338433**

അങ്കമാലി സുബോധനയിൽ ആരംഭിച്ചിരിക്കുന്ന നൈപുണ്യ ഇന്റർനാഷണൽ സ്ഥാപനത്തിൽ ഇംഗ്ലീഷ് ഭാഷയിൽ നൈപുണ്യം നേടാം.

- IELTS, PTE എന്നീ പരിശീലന കോഴ്സുകൾക്ക് മാസത്തിലെ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു.
- NICE (Naipunnya International Communicative English) New Offline batches commence every Monday this September. Reserve your seat and get started.
- Expert Guidance for Overseas Education and Counselling.

**Fr. Juby Joy Kalathiparambil**
**Director**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## അറിയിപ്പുകൾ

- വിദ്യാദർശൻ പരിശീലനം ചേർത്തലയിൽ ഒക്ടോബർ 18-ന്
- ഷീ ലീഡ്സ് -വിമൻ കോൺക്ലേവ് തൃക്കാക്കര ഭാരത് മാതാ കോളേജിൽ ഒക്ടോബർ 27-ന്

### ഇൻക്ലൂസിസ് ഐ.ടി. സ്കില്ലിങ് പുതിയ സെന്ററുകളിൽ ആരംഭിക്കുന്നു

സഹൃദയ നേതൃത്വം നൽകുന്ന ഇൻക്ലൂസിസ് ഓർഗ് ഫൗണ്ടേഷന്റെ ഭിന്നശേഷിയുള്ള വ്യക്തികൾക്കായി നടത്തുന്ന ഐ. ടി. സ്കില്ലിങ് ആറാമത് ബാച്ച് പരിശീലനം പുതിയതായി എറണാകുളം ജില്ലയിലെ ഉദയംപേരൂർ ദയാ സദൻ വൊക്കേഷണൽ ട്രെയിനിങ് സെന്റർ, ആലപ്പുഴ സാന്ത്വനം സ്പെഷ്യൽ സ്കൂൾ എന്നിവ ഉൾപ്പടെ കേരളത്തിലെ എട്ടു ജില്ലകളിലെ പത്തു പരിശീലന കേന്ദ്രങ്ങളിൽ ആരംഭിക്കുന്നു. പത്തു മാസം നീണ്ടുനിൽക്കുന്ന പരിശീലനത്തിൽ മൈക്രോ സോഫ്റ്റ് വേർഡ്, എക്സൽ, ഡേറ്റാ എൻട്രി, അനോട്ടേഷൻ, സോഫ്റ്റ്‌വെയർ ടെസ്റ്റിങ്, നോ കോഡ് ടൂൾസ്, ജീവിത നൈപുണ്യ പരിശീലനങ്ങൾ, ഇംഗ്ലീഷ് ഭാഷ പരിശീലനം, അഭിമുഖ പരിശീലനം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു ഇതുവരെ 285 ഭിന്നശേഷി യുള്ള വ്യക്തികൾ പരിശീലനം വിജയകരമായി പൂർത്തിയാക്കി കഴിഞ്ഞു. ഇവരിൽ 12 പേർ വിവിധ പ്രമുഖ IT കമ്പനികളിലും 25 പേർ വിവിധ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലും ജോലി നേടി. 65 പേർ വിവിധ ഡേറ്റാ എൻട്രി ജോലികൾ ചെയ്തു ചെറിയ വരുമാനം നേടുന്നു

## വാർത്തകൾ

### സന്ദർശനം

സേവ് എ ഫാമിലി പ്ലാൻ സ്ഥിരസഹായപദ്ധതി വഴി സഹായം ലഭിച്ചുകൊണ്ടിരിക്കുന്ന 180 കുടുംബങ്ങളിൽ ഐശ്വര്യഗ്രാമിൽ നിന്നുള്ള സംഘം വിലയിരുത്തൽ സന്ദർശനം നടത്തി.

### വിലയിരുത്തൽ യോഗങ്ങൾ

സഹൃദയയുടെ വിവിധ പ്രവർത്തനവിഭാഗങ്ങളുടെ അവലോകന, വിലയിരുത്തൽ യോഗങ്ങൾ നടത്തി.

### ഓണാഘോഷം

ഭിന്നശേഷിക്കാരുടെ മിത്രം ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ കറുകുറ്റിയിൽ ഓണാഘോഷം സംഘടിപ്പിച്ചു.

## ഇൻക്ലൂസിസ് സ്കില്ലിങ്

ന്യൂറോ ഡൈവർജന്റ് ആയ വ്യക്തികൾക്ക് ഐ.ടി മേഖലയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കുന്ന ഇൻക്ലൂസിസ് സ്കില്ലിങ് പദ്ധതി ഉദയംപേരൂർ ദയാസദൻ സ്പെഷ്യൽ സ്കൂളിൽ ആരംഭിച്ചു.

## അലങ്കാര മെഴുകുതിരി നിർമാണ പരിശീലനം

മലയാള മനോരമയും സഹൃദയയും സംയുക്തമായി മൂന്ന് ദിവസത്തെ അലങ്കാര മെഴുകുതിരി പരിശീലനം പൊന്നുരുന്നിയിൽ സംഘടിപ്പിച്ചു.

## കെ.എസ്.എസ്.എഫ്. ഗവേണിംഗ് ബോഡി

കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ ഗവേണിംഗ് ബോഡി യോഗത്തിൽ സഹൃദയ ഡയറക്ടർ പങ്കെടുത്തു.

## ഫൊറോനാ ഡയറക്ടർമാരുടെ യോഗം

സഹൃദയ ഫൊറോനാ ഡയറക്ടർമാരുടെ യോഗം ആലുവ ദേശത്തുള്ള സഹൃദയ ഏർലി ഇന്റർവെൻഷൻ സെന്ററിൽ (സീക്) നടത്തി.

## തയ്യൽ പരിശീലനം

നബാർഡിന്റെ സഹകരണത്തോടെ ചേർത്തല മേഖലയിൽ തയ്യൽ പരിശീലനം സംഘടിപ്പിച്ചു.

## ജെ. എൽ. ജി. ഗ്രൂപ്പ് രൂപീകരണം

സഹൃദയ വെസ്കോ ക്രെഡിറ്റ് ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ.എൽ.ജി. പട്ടിമറ്റം, പാറത്തെറ്റ, കിഴക്കുംമുറി, താബോർ, ചൊവ്വര, ആരക്കുന്നം, മുട്ടം, പുത്തൻപള്ളി, ഇടക്കൊച്ചി, താന്നിപ്പുഴ, വിമലഗിരി, സെബിയൂർ, ഉദയനാപുരം, വളമംഗലം, കൊങ്ങോർപ്പിള്ളി, പ്രസാദഗിരി, ചേരാനല്ലൂർ, നെട്ടൂർ, ന്യൂ കുത്തിയതോട്, കുറുമശ്ശേരി, അയ്യമ്പുഴ, കോക്കുന്ന്, അങ്കമാലി, മഞ്ഞപ്ര, പാണാവള്ളി, പെരിയാർമുഖം, കവരപ്പറമ്പ്, പ്രസന്നപുരം, പനങ്ങാട്, കാലടി, മേലൂർ, എടവനക്കാട്, വേങ്ങൂർ, കാവിൽ, തൈക്കാട്ടുശ്ശേരി, നെടുമ്പ്രക്കാട്, നായത്തോട്, കാക്കനാട്, മൂക്കന്നൂർ, ആലുവ, ജോസ്പുരം, ഏഴിക്കര, കുഴുപ്പിള്ളി, പള്ളുരുത്തി, മുന്നൂർപ്പിള്ളി, മുരിങ്ങൂർ, പുളിയനം, സൗത്ത് വെള്ളാരപ്പിള്ളി, ഞാറല്ലൂർ, യോർദനാപുരം, നായരമ്പലം, തിരുനല്ലൂർ, ഞാറക്കൽ, പൂക്കാട്ടുപടി, നീലേശ്വരം, താബോർ, കുഴുപ്പിള്ളി, പുത്തൻപള്ളി, പാലാരിവട്ടം, കൊല്ലക്കോട് എന്നീ വില്ലേജുകളിൽ രൂപീകരിച്ചു.

## സഹൃദയ ആനിമേറ്റേഴ്സ് മീറ്റിംഗ്

സഹൃദയ ആനിമേറ്റർമാരുടെ പ്രതിമാസ യോഗം മേഖലാ ഓഫീസുകളിൽ സംഘടിപ്പിച്ചു.

## ഫാസ്റ്റ് ഫുഡ് പരിശീലനം

സഹൃദയ, ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രമായ RSETI കോട്ടയ വുമായി സഹകരിച്ച് വൈക്കം വെൽഫെയർ സെൻററിൽ വച്ച് 12 ദിവസം നീണ്ടുനിൽക്കുന്ന സൗജന്യ ഫാസ്റ്റ് ഫുഡ് പരിശീലനം സംഘടിപ്പിച്ചു. 27 പരിശീലനാർത്ഥികളാണ് പങ്കെടുത്തത്.

## ഉഷ സിലായ് സ്കൂൾ സാറ്റലൈറ്റ് തയ്യൽ പരിശീലനം .

സഹൃദയ, ഉഷ ഇന്റർനാഷണൽ ലിമിറ്റഡ് ന്റെ സോഷ്യൽ സർവ്വീസസ് വിഭാഗവുമായി സഹകരിച്ച് നടപ്പിലാക്കുന്ന സിലായ് സ്കൂളിന്റെ ഭാഗമായ രണ്ട് ദിവസത്തെ സാറ്റലൈറ്റ് തയ്യൽ വിദഗ്ദ്ധ പരിശീലനം 15 പരിശീല നാർത്ഥികൾക്കായി കൊടകരയിൽ സംഘടിപ്പിച്ചു.

## പുതിയ സംഘങ്ങൾ രൂപീകരിച്ചു

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ നേതൃത്വത്തിൽ ഇടപ്പള്ളി, കോക്കുന്ന് വില്ലേജുകളിൽ പുതിയ സംഘങ്ങൾ രൂപീകരിച്ചു.

## കൗൺസിലിംഗ് ബോധവൽക്കരണ ക്ലാസ്സ്

സഹൃദയ വീ-ഗാർഡുമായി സഹകരിച്ച് സ്ത്രീകൾക്കായി ഒരുക്കുന്ന 'ഇടം' സൗജന്യ കൗൺസിലിംഗ് സെന്റർ പദ്ധതിയുമായി ബന്ധപ്പെട്ട ക്ലാസ്സ് കാർഡിനൽ നഗർ, കുറുമശ്ശേരി എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

## ഫ്ളോട്ടിംഗ് റീഡ് ബെഡ് സിസ്റ്റം ഉപയോഗിച്ച് ജലശുദ്ധീകരണം

കടവന്ത്ര സെന്റ് ജോസഫ് പള്ളി സെമിത്തേരിക്ക് സമീപമുള്ള ജലാശയ ത്തിൽ നബാർഡിന്റെ പിന്തുണയോടെ ചെടികൾ ഉപയോഗിച്ച് പരിസ്ഥിതി സൗഹൃദ ജലശുദ്ധീകരണം നടത്തുന്നതിനായി സഹൃദയ നടപ്പാക്കുന്ന പരീക്ഷണ പദ്ധതി മുന്നേറുന്നു. ജല, തണ്ണീർത്തട സസ്യങ്ങളെ ഉപയോഗ പ്പെടുത്തി ജല ഗുണനിലവാരവും പാരിസ്ഥിതിക അവസ്ഥയും മെച്ചപ്പെടു ത്തുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഫൈറ്റോറെമീഡിയേഷൻ സിസ്റ്റത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി പതിവായി ജല-ഗുണ നിലവാര നിരീക്ഷണവും ലബോറട്ടറി പരിശോധനയും നടത്തിവരുന്നു.

## സ്വയം തൊഴിൽ വായ്പ

സഹൃദയ സംഘങ്ങൾ വഴി 3,80,000 രൂപയും ജെ. എൽ. ജി. കൾ വഴി 1,37,61,000 രൂപയും സ്വയം തൊഴിൽ വായ്പയായി വിതരണം ചെയ്തു.

**ഫാ. ആൻറണി പുതിയാപറമ്പിൽ**
**ഡയറക്ടർ**

# AICO
## (Archdiocesan Institutions' Central Office)

ഒക്ടോബർ 10 Training Programme for HR & Accountants of Archdiocesan Institutions

### ബോർഡ് മീറ്റിങ്ങുകൾ

സെപ്റ്റംബർ 01 മാർ ലൂയിസ് ബുക്ക് സെന്റർ
സെപ്റ്റംബർ 06 ലിസി മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ്
സെപ്റ്റംബർ 09 നൈവേദ്യ ആയുർവേദ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ
സെപ്റ്റംബർ 10 അതിരൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി
സെപ്റ്റംബർ 11 നിവേദിത, ചുണങ്ങംവേലി
സെപ്റ്റംബർ 15 1. സുബോധന റീജിയണൽ പാസ്റ്ററൽ സെന്റർ
2. സെന്റ് മൈക്കിൾസ് എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ്
സെപ്റ്റംബർ 17 1. ലിസി മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ്
2. നൈപുണ്യ പബ്ലിക് സ്കൂൾ, എടക്കുന്ന്

### സൈറ്റ് വിസിറ്റുകൾ

ഓഗസ്റ്റ് 28 നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, പൊങ്ങം – ഹോട്ടൽ മാനേജ്മന്റ് ബിൽഡിംഗ് – final bill പരിശോധന
സെപ്റ്റംബർ 02 വെൽഫെയർ സർവ്വീസസ് എറണാകുളം – Early Intervention Centre കെട്ടിട നിർമ്മാണം
സെപ്റ്റംബർ 03 1. തൃക്കാക്കര കാർഡിനൽ സ്കൂൾ – ട്രസ്സ് വർക്ക്
2. ഭാരത മാതാ കോളേജ്, തൃക്കാക്കര – Academic Block നിർമ്മാണം
3. നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി – Solar Structure work
സെപ്റ്റംബർ 07 1. തുറവൂർ സെന്റ് അഗസ്റ്റിൻസ് ചർച്ച് – യോർദനാപുരം സെന്റ് മേരീസ് എൽ.പി. സ്കൂൾ പുനർനിർമ്മാണം
2. മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര – Open Shed work
സെപ്റ്റംബർ 08 1. നൈപുണ്യ പബ്ലിക് സ്കൂൾ, എടക്കുന്ന് – ലിഫ്റ്റ് സ്ഥാപിക്കൽ
2. മുന്നൂർപ്പിള്ളി എൽ.എഫ്. സൗരഭ്യ – Phase Zero നിർമ്മാണം
സെപ്റ്റംബർ 14 പൊതി പ്രീസ്റ്റ് ഹോം – Drainage cum Incinerator സ്ഥാപിക്കൽ
സെപ്റ്റംബർ 15 ലിസി മെഡിസിറ്റി – Triage visit
സെപ്റ്റംബർ 17 അങ്കമാലി സുബോധന റീജിയണൽ പാസ്റ്ററൽ സെന്റർ –

| | |
|---|---|
| | മരാമത്ത്പണി |
| സെപ്റ്റംബർ 19 | ലിസി മെഡിസിറ്റി – Triage visit |
| സെപ്റ്റംബർ 21 | വെൽഫെയർ സർവ്വീസസ് എറണാകുളം - സഹൃദയ സിൽക്ക് ഷോറൂം സന്ദർശനം |
| സെപ്റ്റംബർ 23 | ജിയോ സെന്റർ, ചക്കരപ്പറമ്പ് – ക്ലീനിങ് വർക്ക് |

**കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ്**

| | |
|---|---|
| സെപ്റ്റംബർ 07 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| സെപ്റ്റംബർ 08 | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ കൂനമ്മാവ് പ്രോജക്റ്റ് |
| സെപ്റ്റംബർ 22 | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ കൂനമ്മാവ് പ്രോജക്റ്റ് |

**ഫാ. ആന്റോ ചേരാംതുരുത്തി**
**സിഞ്ചെല്ലൂസ് & AICO ഡയറക്ടർ**

# അതിരൂപതാ ഡയറി

## സെപ്റ്റംബർ 2026

4 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ രാവിലെ വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ് പ്രസന്നപുരം ആരാധന സന്യാസിനി സമൂഹത്തിന്റെ നവീകരിച്ച സന്യാസ ഭവനത്തിന്റെയും ആശുപത്രിയുടെയും വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു

13 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ്, കലൂർ റിന്യൂവൽ സെന്ററിൽ നടന്ന വിശ്വാസ പരിശീലകരുടെ ബേസിക് ഓറിയന്റേഷൻ കോഴ്സ് (BOC) ന്റെ സമാപനത്തിൽ സന്ദേശം നൽകി. വിവിധ സെമിനാരികളിൽ നിന്നും വിശ്വാസ പരിശീലനത്തിന് സഹായിക്കാനായി വിവിധ ഇടവകകളിൽ വരുന്ന ബ്രദേഴ്സിന്റെ മീറ്റിംങ്ങിൽ പങ്കെടുത്ത് സംസാരിച്ചു.

അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ്, എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ വൈകിട്ട് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

23 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ്, നോർത്ത് തുറവൂരിൽ മോൺസിഞ്ഞോർ ആന്റണി പുന്നശ്ശേരി അച്ചന്റെ മൃതസംസ്കാരകർമ്മത്തിന്റെ സമാപന ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.


ആഗോള മിഷൻ ദിനം
2026 October 18

RNI No. 3421/57
Date of Publication: 01-10-2026

Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM




Printed and Published by Fr. Antony Vazhakkala for and on behalf of ARCHBISHOP OF ERNAKULAM and printed at Viani Printings, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Antony Vazhakkala.

www.ernakulamarchdiocese.org